ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം




Vol. 64
No.: 9 - 10
Sept. - Octo. 2021



www.ernakulamarchdiocese.org

## എറണാകുളം മിസ്സം – നൂറ് വർഷങ്ങൾ
## 1921 – 2021

# എറണാകുളം മിസ്സം.

നമ്പർ 1. [illegible]

ARCH DIOCESAN LIBRARY 192[illegible]

No. 27.

[illegible]

[illegible]

എറണാകുളം വികാരി [illegible]

നാം

## കണ്ടത്തിൽ ആഗുസ്തീനോസ്

[illegible]

[illegible]

[illegible]

[illegible]

# എറണാകുളം മിസ്സം - നൂറു വർഷങ്ങൾ

എറണാകുളം മിസ്സം പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ട് 2021 ഒക്ടോബറിൽ നൂറ് വർഷങ്ങൾ തികയുന്നു. അഭിവന്ദ്യ മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവ് എറണാകുളം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായിരിക്കെ 1921 ഒക്ടോബർ മാസത്തിലാണ് "എറണാകുളം മിസ്സം" ആദ്യമായി പ്രസിദ്ധീകരിച്ചത്. മലയാളത്തിൽ, ഏകദേശം നാലഞ്ചു ദശവത്സരങ്ങൾക്കു മുമ്പുവരെ, രൂപത/വികാരിയാത്ത് എന്നതിനു പകരം ഉപയോഗിച്ചിരുന്ന പദമാണ് മിസ്സം. മിസ്സിയൊ (Missio) എന്ന ലത്തീൻ പദത്തിൽനിന്നും രൂപംകൊണ്ട പോർച്ചുഗീസ് പദമാണ് 'മിസ്സാംഓ' (Missao). അതിന്റെ ഇംഗ്ലീഷ് അർത്ഥം മിഷൻ (mission) എന്നാണ്. 'മിസ്സാംഓ' എന്ന പോർച്ചുഗീസ് പദം മലയാളീകരിച്ചപ്പോൾ 'മിസ്സം' എന്നായി മാറി. ദൗത്യം, കടമ, അയയ്ക്കപ്പെടൽ എന്നൊക്കെയാണ് മിഷൻ അഥവാ മിസ്സാംഓ എന്ന വാക്കിന്റെ നിഷ്കൃഷ്ടാർത്ഥം. എന്നാൽ, വിശാലമായ അർത്ഥത്തിൽ, ഒരു മെത്രാൻ തന്റെ ദൗത്യം നിർവ്വഹിക്കുന്ന, തന്റെ ശുശ്രൂഷ (കടമ) ചെയ്യുന്ന പ്രദേശം അഥവാ മെത്രാന്റെ അജപാലനശുശ്രൂഷയ്ക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭൂപ്രദേശം എന്നാണ്.

വികാരിയാത്തിന്റെ മുഖപത്രമായി (ബുള്ളറ്റിൻ) "എറണാകുളം മിസ്സം" പ്രസിദ്ധീകരിക്കാനുണ്ടായ സാഹചര്യവും അതിന്റെ സവിശേഷതകളും വിശദമാക്കി ആദ്യലക്കത്തിൽ മാർ കണ്ടത്തിൽ പിതാവിന്റെ ഇടയലേഖനം ഇപ്രകാരമായിരുന്നു: *"ദൈവകൃപയാലും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ മനോഗുണത്താലും എറണാകുളം വികാരി അപ്പസ്തോലിക്കയാകുന്ന നാം കണ്ടത്തിൽ ആഗുസ്തിനോസ്, ആഗാദ്*

# എറണാകുളം മിസ്സം - നൂറു വർഷങ്ങൾ

*എന്ന ദിക്കിന്റെ മെത്രാൻ നമ്മുടെ അധികാരത്തിൽപ്പെട്ട പള്ളികളിലെ ബ. വികാരിമാർക്കും അസിസ്തേന്തി മാർക്കും, ശേഷം പട്ടക്കാർക്കും, കൊവേന്തകളുടെ ബ. ശ്രേഷ്ഠന്മാർക്കും മറ്റു സന്യാസാന്തസ്സുകാർക്കും വിശ്വാ സികൾ എല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹാ യിൽ സ്വസ്ഥാനവും വാഴ്വും.*

ബ. സഹോദരരെ പ്രിയ മക്കളെ, ഈ വികാരിയാത്തിന്റെ പരിപാലനം കയ്യേറ്റിയിരിക്കുന്ന നാം നിങ്ങളുടെ ആത്മീയ ഗുണവർദ്ധനവിന് ഉപകരിക്കുന്നതായും ഈ വികാരിയാത്തിൽ ആചരിക്കേണ്ട പ്രത്യേക നടപടികൾ സംബന്ധിച്ചും പല സംഗതികൾ അവസരോചിതം നിങ്ങളെ അറിയിക്കേണ്ടതായിട്ടുണ്ടല്ലോ. ഇവയിൽ ഭക്തി വർദ്ധകങ്ങളായി ഉപദേശരൂപേണ അയയ്ക്കുന്ന ഇടയലേഖനങ്ങൾ അല്പം ദീർഘമായും നടപടികൾ സംബന്ധിച്ചുള്ള മറ്റു ഉപദേശങ്ങളും കല്പനകളും അത്ര ദീർഘമല്ലാത്തതുമായിരിക്കും. അതിനാൽ ഇതുകൾ അച്ചടിച്ചയയ്ക്കുന്ന കടലാസുകൾ എല്ലാം ആകൃതിയിലും മുഴുപ്പിലും ഒരേ രീതിയിലായിരിക്കാൻ നിവൃത്തിയില്ല. ഈ കാരണത്താൽ ഈ ലേഖനങ്ങളും കല്പനകളും ശരിയായി റിക്കാർഡിൽ സൂക്ഷിക്കുന്ന തിനു അസൗകര്യവും അവയെ പിന്നീടു ആവശ്യപ്പെ ടുമ്പോൾ കണ്ടുകിട്ടുന്നതിനു ബുദ്ധിമുട്ടും നേരിടുന്ന തുകൂടാതെ അവ ചിലപ്പോൾ നഷ്ടപ്പെട്ടുപോകുന്നതി നുകൂടി ഇടവരുന്നു. ഇതിനുപുറമെ, ഈ മിസ്സം സംബ ന്ധിച്ചു നിങ്ങൾ അറിവാൻ ആഗ്രഹിക്കുന്നതായ പല കാര്യങ്ങളും നിങ്ങൾ അറിഞ്ഞിരിക്കേണ്ടതായ മറ്റു ചില സംഗതികളും ഉണ്ടാകുന്നുണ്ട്. ഇവയെല്ലാം നമ്മുടെ ഇട യലേഖനങ്ങളിൽ ചേർത്തൊ, നമ്മുടെ ഉപദേശങ്ങളാ

യോ, കല്പനകളായൊ അയയ്ക്കാൻ ആവശ്യവും കാര്യവുമില്ലാത്തവയാണ്. എന്നാൽ, നിങ്ങൾ യഥാവസരം അറിഞ്ഞിരിക്കേണ്ട ഈ സംഗതികൾകൂടി അടക്കിയും റിക്കാഡായി സൂക്ഷിക്കാൻ സൗകര്യമായ വിധത്തിലും ഒരു ചെറിയ മാസികയുടെ രീതിയിൽ മിസ്സത്തിനായി ഒരു പ്രസിദ്ധീകരണം ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നു നമുക്ക് അഭിപ്രായമായിട്ടു വളരെ നാളായി. പരിശുദ്ധ സിംഹാസനത്തിൽനിന്നു *Acta Apostolicae Sedis* എന്ന പേരിൽ പ്രസിദ്ധം ചെയ്യുന്ന പ്രബന്ധം ഏകദേശം ഇങ്ങിനെയുള്ള ഒന്നാണ്. അതിൽ പ്രസിദ്ധീകരിക്കുന്ന സംഗതികൾ കത്തോലിക്ക ലോകം മുഴുവനിലും പ്രസിദ്ധീകരിക്കുന്നതായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനെ അനുകരിച്ചു പല മിസ്സങ്ങളിലും ഗസറ്റ് പോലെ ഓരോ മാസിക മുതലായതു നടത്തുന്നുണ്ട്. ഇതുപോലെ നമ്മുടെ വികാരിയാത്തിലും "എറണാകുളം മിസ്സം" എന്ന പേരോടുകൂടി മാസിക അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. ഇത് അതിന്റെ ഒന്നാമത്തെ നമ്പറാണ്.

മാസത്തിൽ ഒന്നുവീതം പ്രസിദ്ധീകരിക്കണമെന്നാണ് വിചാരിക്കുന്നതെങ്കിലും അവസരവും ആവശ്യവും പോലെ ആ പതിവിൽ ഭേദഗതി വന്നേക്കാം. വികാരിയാത്തിനെ പൊതുവെ സംബന്ധിക്കുന്ന നമ്മുടെ ഇടയലേഖനങ്ങളും കല്പനകളും ഓരോരുത്തരെ പ്രത്യേകം അറിയിക്കാൻ ആവശ്യമില്ലെന്നു കാണുന്ന നമ്മുടെ മറ്റു കല്പനകൾ മുതലായവയും സാധാരണയായി ഈ മാസികയിൽ പ്രസിദ്ധം ചെയ്കയേയുള്ളൂ. അവ ഇതിൽ പ്രസിദ്ധീകരിക്കപ്പെട്ടാൽ ഈ മിസ്സത്തിൽ മുഴുവൻ നാം പ്രസിദ്ധം ചെയ്തതായി വിചാരിച്ചു

കൊള്ളണം. അതിനാൽ, ഈ വികാരിയാത്തിലുള്ള എല്ലാ പള്ളികളും കൊവേന്തകളും മറ്റും ഈ മാസിക വാങ്ങിക്കൊള്ളേണ്ടതാണ്. എന്നല്ല, ഈ മാസികയുടെ മേൽവിവരിച്ച സ്വഭാവത്താൽ ഈ വികാരിയാത്തിലുള്ള എല്ലാ പട്ടക്കാർക്കും സ്വന്തമായി ഇതിന്റെ ഓരോ പ്രതി ഉണ്ടായിരിക്കുന്നതു നല്ലതും ചിലപ്പോൾ ആവശ്യവു മായിരിക്കുന്നതുകൊണ്ടു പട്ടക്കാരെല്ലാവരും ഇതിന്റെ പ്രതിവാങ്ങി സൂക്ഷിക്കണമെന്നു പ്രത്യേകം ഉപദേശി ക്കുന്നു. ഈ മാസിക പള്ളികളിൽ റിക്കാർട്ടുകളുടെ കൂട്ട ത്തിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ, വർഷാവസാ നത്തിൽ അതുവരെയുള്ള പ്രതികളെല്ലാം ഒന്നിച്ചു പുസ്തകമായി കുത്തിച്ചുവക്കുന്നതു നന്നായിരിക്കും. 1922 ഡിസംബർ മാസത്തോടുകൂടി മാസികയുടെ ഒന്നാം പുസ്തകം അവസാനിക്കുന്നതും അതിനുശേഷം അതാ താണ്ടിൽ ജാനുവരി മുതൽ ഡിസംബർ വരെയുള്ളവ വേറെ പുസ്തകമായിരിക്കുന്നതുമാണ്. എന്ന് എറണാ കുളത്തു നമ്മുടെ അരമനയിൽനിന്നും 1921-ാം കാലം, ഒക്ടോബർ മാസം 1-ന്, എറണാകുളം വികാരി അപ്പ സ്തോലിക്ക കണ്ടത്തിൽ ആഗുസ്തീനോസ് മെത്രാൻ, (ഒപ്പ്)" (*എറണാകുളം മിസ്സം*, 1921, Vol. I, pp.1-3).

കഴിഞ്ഞ നൂറു വർഷങ്ങളിൽ എറണാകുളം മിസ്സം പ്രസി ദ്ധീകരിക്കുന്നതിനായി അദ്ധ്വാനിച്ച എല്ലാവരേയും നന്ദി യോടെ സ്മരിക്കുന്നു.

സ്നേഹപൂർവ്വം,

**എഡിറ്റർ**

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL

# എറണാകുളം മിസ്സം

BULLETIN

## വിഷയസൂചിക





8. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

10. ഇടയലേഖനം - മേജർ ആർച്ചുബിഷപ്

17. ലോക മിഷൻ ഞായർ സന്ദേശം

25. യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ (8)
– ആകാശത്തെക്കാൾ ഉയരത്തിൽ കടലിനെക്കാൾ ആഴത്തിൽ

29. Engagements

30. കച്ചേരിക്കാര്യം

31. Transfers/Appointments

33. നിര്യാതരായി

41. വാർത്തകളും വിശേഷങ്ങളും

41. Department of Catechesis

47. Department of Family Apostolate

49. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

53. AICO

54. Department of Bible Apostolate

55. അതിരൂപതാ ഡയറി


**Editor: Fr. Varghese Perumayan**

Volume : **64**
Issue No. : **9 - 10**
Month : **Sept. - Oct. 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Moothedan Gheevarghese, Meloor | | | 2-9-1903 |
| Fr. Pudissery Louis, Vaikom | 1890 | 1919 | 2-9-1975 |
| Fr. Thekkeperayil Joseph, Vaikom | 1926 | 1955 | 2-9-2008 |
| Fr. Vadakumchery Joseph, Rajagiri | 1929 | 1952 | 2-9-2014 |
| Fr. Payyappilly Antony, Aluva | 1930 | 1955 | 3-9-2005 |
| Fr. Kudiyiruppil Jacob, Mattoor | 1893 | 1922 | 4-9-1978 |
| Fr. Pallippadan Joseph, Manjapra | 1933 | 1961 | 4-9-2003 |
| Fr. Payyappilly Ouseph, Akaparambu | 1880 | 1905 | 5-9-1961 |
| Fr. Mekkunnel Paulose, Nakapuzha | 1883 | 1911 | 6-9-1956 |
| Fr. Annassery Joseph, Vaikom | 1901 | 1930 | 6-9-1958 |
| Fr. Manjaly Kuriakose, Kanjoor | 1924 | 1953 | 6-9-2004 |
| Fr. Thachil Paul, Kuthiathodu | 1897 | 1922 | 7-9-1971 |
| Fr. Airookkaran Paul, Sehiyonpuram | 1932 | 1959 | 7-9-1994 |
| Fr. Parakkal Devassy, Kizhakkambalam | 1887 | 1915 | 8-9-1965 |
| Fr. Thattil Varghese, Chowara | 1941 | 1967 | 8-9-2006 |
| Fr. Thachil Joseph, N. Kuthiathode (New) | 1938 | 1964 | 8-9-2016 |
| Archbishop Joseph Chennoth, Kokkamangalam | 1943 | 1969 | 8-9-2020 |
| Fr. Valliarumpeth (Panakal) Joseph, Vallakom | 1864 | 1895 | 9-9-1930 |
| Fr. Vettikkappilly Jacob, Vaikom | 1856 | 1897 | 9-9-1930 |
| Fr. Thaliath Joseph, Puthenpally | 1882 | 1908 | 10-9-1952 |
| Fr. Moonjely Thomas, Puthenpally | 1888 | 1913 | 10-9-1970 |
| Fr. Thaliath Varkey TOCD, Puthenpally | 1837 | 1865 | 11-9-1926 |
| Fr. Paremakkal Joseph, Vadayar | 1892 | 1919 | 11-9-1955 |
| Fr. Vattoly Thomas, Kadukutty | 1893 | 1925 | 13-9-1954 |
| Fr. Puthiyaveliyil Thomas, Chalil | 1933 | 1962 | 13-9-2011 |
| Fr. Kandathil Thomas, Chempu | 1903 | 1933 | 16-9-1984 |
| Fr. Palathunkal Paulose, Thripunithura | 1874 | 1902 | 19-9-1947 |
| Fr. Chirackal Manavalan Varghese, Kuthiathode (Old) | 1907 | 1932 | 21-9-1975 |
| Fr. Joseph Valavi, Ernakulam | 1950 | 1977 | 22-9-2021 |
| Fr. Kudiyiruppil Gervasis, Mattoor | 1859 | 1894 | 23-9-1942 |
| Fr. Kandathil Anthapai, Chembu | 1900 | 1930 | 24-9-1972 |
| Fr. Manjooran Raphael TOCD, Chakkarakadavu | 1852 | 1879 | 25-9-1918 |
| Fr. Thottunkal Mathew, Pazhanganad | 1911 | 1949 | 25-9-1974 |
| Fr. Thottappilly Mathew, Vadayar | 1945 | 1975 | 25-9-1993 |
| Fr. Vadakumchery Kuriakose, Manjapra | 1902 | 1930 | 26-9-1973 |
| Fr. Puthenangady Paul, Chowara | 1950 | 1974 | 29-9-2013 |
| Fr. Paravara Peter, Thripunithura | 1906 | 1935 | 30-9-1974 |

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Menachery Joseph, Karumaloor | 1899 | 1928 | 3-10-1988 |
| Fr. Mangaly Paul, Manjapra | 1892 | 1923 | 4-10-1977 |
| Fr. Payapilly Varghese, Konthuruthy | 1876 | 1907 | 5-10-1929 |
| Fr. Payyappilly Thomas, Thuravoor | 1917 | 1948 | 5-10-1975 |
| Fr. Nalkara Joseph, Akaparambu | 1891 | 1915 | 7-10-1948 |
| Fr. Meleth Thomas, Chunangamvely | 1941 | 1967 | 8-10-1987 |
| Fr. Bharanikulangara Joseph, Thuravoor North | 1932 | 1959 | 8-10-2012 |
| Fr. Manikanamparambil Yohannan, Udayamperoor | 1837 | 1865 | 09-10-1898 |
| Fr. Manikanamparambil Joseph, Udayamperoor | 1869 | 1897 | 10-10-1948 |
| Fr. Parampy Joseph, Mampra | 1908 | 1937 | 10-10-1949 |
| Fr. Muttumana Joseph, Vaikom Town | 1923 | 1950 | 11-10-2010 |
| Fr. Eravely Mathias TOCD, Amballoor | 1854 | | 13-10-1933 |
| Fr. Veluthedath Thomas, Kudavechoor | 1904 | 1933 | 13-10-1971 |
| Fr. Panachickal George, Malayattoor | 1933 | 1960 | 17-10-2009 |
| Fr. Chaniparambil Cyriac, Ezhupunna | 1929 | 1958 | 17-10-2010 |
| Fr. Pulianthuruthil Joseph, Aluva | 1894 | 1921 | 18-10-1958 |
| Fr. Malamel Samuel, Edappally | 1941 | 1967 | 18-10-2012 |
| Fr. Painadeth Valiya Paulose, Karukutty | 1862 | 1893 | 21-10-1937 |
| Msgr. Thaliath Joseph, Puthenpally | 1915 | 1942 | 21-10-1996 |
| Fr. Koilparambil Mathew, Pallippuram | 1938 | 1966 | 21-10-2014 |
| Fr. Kattarath Varkey, Thottakom | | | 24-10-1931 |
| Fr. Pottayil Issac, Vaikom | 1902 | 1933 | 26-10-1985 |
| Fr. Vazhathara Joseph, Pallipuram | 1882 | 1912 | 28-10-1964 |
| Fr. Vadapuram Job, Chalil | 1900 | 1933 | 28-10-1974 |
| Fr. Chakiath Joseph, Thundathumkadavu | 1926 | 1952 | 29-10-1995 |
| Fr. Thattezhath Joseph, Kothavara | 1913 | 1941 | 29-10-2003 |

Prot. No. 0923/2021

# ഇടയലേഖനം

സീറോമലബാർ സഭയുടെ
**മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

"പുതിയ റാസകുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണ രീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ".

-ഫ്രാൻസിസ് മാർപാപ്പാ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986-ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധനക്രമകർമങ്ങളും ഏകീകൃത രൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണ ഫലപ്രാപ്തിയിലെത്തിയില്ല. 1999-ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെങ്കിലും

അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചു കൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാഅസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചു കൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അത്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മെയ് 4-ന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9-ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9-ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെതുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർസഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ

നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോമലബാർസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രിക സഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (*cum Petro et sub Petro*) സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നു തന്നിട്ടുള്ളത്. 1934-ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത് "തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ്" എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (*CCEO*, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (*SC*, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (*SC*, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. "അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്" (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം

ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (*DV,* 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു, "കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ" വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാനസ്വീകരണ

ത്തിനുശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christus et altera Ecclesia*). ക്രിസ്തീയ ജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ "കർത്താവിലേക്കു തിരിയുന്നതായി" ( *conversi ad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്ര

ത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. 'അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല' എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗ ദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർഗ്ഗമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തിയ്യതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദി കരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതിക ശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതിലു കൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തി ന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്ത പ്പെട്ട വരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.



കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം തീയതി പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുന്നതിനും, ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാം ഗങ്ങളെ അറിയിക്കുന്നതിനുമായി നൽകിയത്.

Ref: 3574/KCBC/K-35/OL/DS 18.09.2021

# ലോകമിഷൻ ഞായർ 2021

*"ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, *ഗാവുദിയും എത്ത് സ്പെസ്*, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: "നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

### അപ്പസ്തോലന്മാരുടെ അനുഭവം

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf.

യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. "അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf. യോഹ 20:7-9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: "സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്" (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ്

(cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). "കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം "മിഷന്റെ അവസ്ഥയിൽ" പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. "ഏതു സാഹചര്യത്തിലും, പരാജയങ്ങൾ

എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിരിക്കും" എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷംപോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതുകൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും

പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്" (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ."യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്" അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും

സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1 യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

### നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം ”ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല” (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് - നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ “ഉത്തരവാദിത്വം വഹിക്കാനും” അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. “അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു” (വിശുദ്ധ പോൾ 6-ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കു പോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത “ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു” എന്ന

യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും" (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു, 239).

ഓരോവർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും "കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്" (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്-ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം.

സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും "എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ" ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf മത്താ 5:13-14).

റോം, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021
കർത്താവിന്റെ എപ്പിഫനിത്തിരുനാൾ

ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 8

# ആകാശത്തെക്കാൾ ഉയരത്തിൽ കടലിനെക്കാൾ ആഴത്തിൽ

*ഫാ. നിബിൻ കുരിശിങ്കൽ*

വിവാഹവസ്ത്രം ധരിച്ച് പുതുവീട്ടിലേക്കു വലംകാൽ വച്ച് കയറുന്ന ഓരോ പെൺകുട്ടിയും ഉള്ളിൽ പേറുന്നൊരനാഥത്വമുണ്ട്. പിറന്നുവീണ വീട് ഇനി അവൾക്കില്ല. ജന്മം കൊടുത്ത അമ്മയെ പിന്നിലാക്കി അതുവരെ കാണാത്ത ഒരു സ്ത്രീയെ അമ്മേ എന്ന് വിളിച്ചുതുടങ്ങണം. പിച്ചവയ്ക്കാൻ പഠിപ്പിച്ച അപ്പനെ വിസ്മൃതിയിലാക്കി മറ്റൊരു മുതിർന്ന മനുഷ്യനെ അപ്പാ എന്ന് അഭിസംബോധന ചെയ്യണം. വീടും കൂടും കൂട്ടുമൊക്കെ വിട്ട് വന്നുകയറുന്ന ആ പെണ്ണിന് അപ്പനും അമ്മയും കൂടപ്പിറപ്പുമൊക്കെ ആകുക എന്നതാണ് അവളുടെ പുരുഷന്റെ വലിയ ദൗത്യം. കായികബലംകൊണ്ടോ കാശിന്റെ കരുത്തുകൊണ്ടോ നിസ്സാരമായി പൂർത്തിയാക്കാൻ ആവുന്ന ഒന്നല്ല ആ ദൗത്യം. ജോസഫിനെപ്പോലെ ഉണർവിലും ഉറക്കത്തിലും ദൈവദൂതന്മാരോട് ആലോചന നടത്തുംവിധം ദൈവവുമായി ഒരു നീതി ഉടമ്പടിയിൽ ഒപ്പുവച്ച പുരുഷനുമാത്രമേ അവൾക്ക് കാവലാകാൻ പറ്റൂ.

ഒരപ്പന് തന്റെ മക്കൾക്കു കൊടുക്കാൻപറ്റുന്ന ഏറ്റവും വലിയ സമ്മാനമെന്നത് അവരുടെ അമ്മയെ പൊന്നുപോലെ സ്നേഹിക്കുക എന്നതാണ്. ക്രിസ്തു എന്ന മകന് ജോസഫ് എന്ന അപ്പൻ നല്കിയ വലിയ സമ്മാനം മറിയം എന്ന തന്റെ ഭാര്യയെ അയാൾ ഭംഗിയായി സ്നേഹിക്കുകയും ഭദ്രമായി സംരക്ഷിക്കുകയും ചെയ്തു എന്നതാണ്. പ്രതീക്ഷകൾ പൂർണമായും പൂർത്തീകരിക്കുകയും വാക്കുകൾ അക്ഷരം തെറ്റാതെ അനുസരിക്കുകയും പുലരിയിൽ വെളിച്ചത്തിനൊപ്പം എഴുന്നേൽക്കുകയും പകൽ മുഴുവൻ പാത്രങ്ങളോടും പയ്യിനോടും സംസാരിക്കുകയും അന്തിക്ക് അത്താഴം വിളമ്പി അയാൾക്കായി കാത്തിരിക്കുകയും ചെയ്യുന്ന ഒരു ഉത്തമയായ സ്ത്രീയെ സ്നേഹിക്കാൻ ഏതു പുരുഷനാണ് പ്രയാസം? അയാളുടെ കുലീനത കുടം വിട്ട് പുറത്തുവ

രുന്നത് അവൾക്കെന്തെങ്കിലും കുറവുണ്ടെന്ന തിരിച്ചറിവിലാണ്, അവളിടറിപ്പോയ വഴിവക്കിലാണ് അയാൾ നേർവഴിയുടെ ചൂണ്ടാണിവിരൽ നീട്ടി മന്ദഹസിച്ചുകൊണ്ട് നിൽക്കേണ്ടത്. ദാവീദിന്റെ വംശത്തിൽപ്പെട്ട ആ നീതിമാൻ അത് ഭംഗിയായി ചെയ്തു.

പുരുഷമേധാവിത്വത്തിന്റെ ആധിപത്യമിങ്ങനെ ഒളിഞ്ഞും തെളിഞ്ഞും തലയുയർത്തി ജീവിക്കുന്ന ഈ ഭൂമിയിൽ, അവൾക്കല്പം ആദരവും അംഗീകാരവുമൊക്കെ ലഭിക്കുന്നത് അപൂർവവും, നീലക്കുറിഞ്ഞി പൂക്കും പോലെ വിരളവുമാണ്. അങ്ങനെയിരിക്കേയാണ് പരിണയത്തിനു മുൻപേ ഗർഭിണി ആണെന്ന ആ ഞെട്ടിക്കുന്ന വാർത്ത അയാളറിയുന്നത്. പഴയ നിയമത്തിന്റെ മൂർച്ചയിൽ മുറിവേൽക്കാൻ സാധ്യത ഉണ്ടെന്നും പിന്നീടങ്ങോട്ട് യൂദായുടെ മലമ്പ്രദേശങ്ങളിൽ സ്വാതന്ത്ര്യത്തോടെ ചുവടുവയ്ക്കാൻ ആകാത്തവിധം 'പാപിനി' എന്ന പരിഹാസധ്വനിയുടെ ചങ്ങലക്കിലുക്കം അവളുടെ ആയുസ്സിനെ ആകമാനം ഭ്രാന്ത് പിടിപ്പിക്കും എന്നുമറിയാവുന്നതുകൊണ്ടാണ് അയാൾ സ്വർഗ്ഗത്തിലേക്കുനോക്കി മിഴി അടച്ചത്. പിന്നീടങ്ങോട്ട് മറിയം മയങ്ങുന്ന നേരങ്ങളിലൊക്കെ അയാൾ മാലാഖമാരോട് മിണ്ടിക്കൊണ്ടേയിരുന്നു. നടന്നുതീർത്ത ദൂരങ്ങളുടെ ഭാരംപേറി മറിയമങ്ങനെ നിദ്രയെ പുല്കിയ നേരമൊക്കെ അയാൾ പിറ്റേന്നത്തെ പലായനത്തിന്റെ റൂട്ട് മാപ്പ് മാലാഖമാരോട് ചോദിച്ചു മനസ്സിലാക്കുകയായിരുന്നു. ജോസഫിനെപ്പോലുള്ള പുരുഷന്മാരുടെ മനസ്സിൽ നിയമങ്ങൾക്കുമേൽ നീതി നൃത്തം ചെയ്യുകയും മതാത്മകതയ്ക്കു മുകളിൽ മനുഷ്യത്വം മാലാഖമാരുടെ കൈപിടിക്കുകയും ചെയ്യുമ്പോൾ മറിയത്തെപ്പോലുള്ള സ്ത്രീകൾ സ്വാതന്ത്ര്യത്തിന്റെ സ്വർഗം ദർശിക്കും.

മനുഷ്യരുമായുള്ള ബന്ധത്തിന്റെ മൗനത്തിന്റെ വല്മീകം തീർത്ത ജോസഫ്, ഉള്ളിൽ ദൈവദൂതന്മാരുമായി നിരന്തരം സംഭാഷണത്തിൽ ഏർപ്പെട്ടു. മറ്റു മനുഷ്യർക്ക് കേൾക്കാനാകാത്ത സ്വരങ്ങൾ അയാളുടെ കാതുകൾക്കു മാത്രമായി അയയ്ക്കപ്പെട്ടു. 'മറിയത്തെയും കുഞ്ഞിനെയും എങ്ങനെ കാക്കണം' എന്ന ആലോചനയിൽ അയാൾക്കുത്തരങ്ങളേകിയത് സ്വർഗത്തിൽ നിന്നുതിർന്നുവീണ വാക്കുകളായിരുന്നു. നീതിമാന്റെ നിയോഗം അതാണ്; അയാൾ മനുഷ്യരെക്കാളേറെ ദൈവത്തെ നെഞ്ചിലേറ്റുന്നു. മനുഷ്യരോടെന്നതിനെക്കാൾ അയാൾ

ദൈവദൂതരോട് സംവദിക്കുന്നു. അയാൾ അകപ്പെടുന്ന ചക്രവ്യൂഹങ്ങൾക്കു നടുവിൽ മാലാഖമാർ അയാൾക്ക് പരിചയാകുന്നു. അനിശ്ചിതത്വങ്ങളും അങ്കലാപ്പുകളും വട്ടം ചുറ്റുമ്പോൾ അതിനു പുറത്തു കടക്കാൻ പരിഹാരമായി ഒരുവൻ ചെയ്യേണ്ടത് അത്ര കാമ്പില്ലാത്ത സൗഹൃദമേശകൾക്കരികിൽച്ചെന്ന് ഹൃദയം തുറക്കുകയല്ല; അതിനും മുൻപ്, ദൈവം വാഴുന്ന ദൈവവചനമാലേഖിതമായ വേദഗ്രന്ഥങ്ങളിൽ ഉത്തരമാരായുക എന്നതാണ്. അപരിഹാര്യമെന്നും തോന്നുംവിധം നിലയില്ലാക്കയത്തിലേക്കാഴുമ്പോൾ, ലഹരിയുടെ സോമരസങ്ങളിലേക്കു തൊണ്ട താഴ്ത്തുംമുൻപ്, മനുഷ്യപുത്രന്റെ ചുവന്ന സ്നേഹമൊഴുകുന്ന ബലിമേശയെ പുൽകുക എന്നതാകണം ആദ്യപടി. ദൈവത്തിന്റെ കൈപിടിച്ചു നടക്കുന്നൊരാണിനു മാത്രമേ മറുകയ്യിൽ താനേറ്റ പെണ്ണിന്റെ പുടവ ചുളിവുപറ്റാതെ നോക്കാനും തന്റെ കുഞ്ഞുങ്ങളുടെ കഴുത്തിനെ ഹേറോദോസിന്റെ വാൾത്തലപ്പിൽനിന്ന് കാക്കാനും കഴിയൂ.

മതത്തിന്റെ പേരിൽ നിരന്തരം മുറിവേല്ക്കപ്പെടുന്നു എന്ന കാരണത്താലും വംശീയതയുടെയും വർഗീയതയുടെയും വെറുപ്പിന്റെയും വാൾപ്പയറ്റുകളിൽ കഴുത്തറക്കപ്പെടുന്നു എന്ന കാരണത്താലും ഇന്നും ഓരോ രാപകലുകളിലും ഭാര്യയുടെ കൈ പിടിച്ച് മക്കളെ ചുമലിലിരുത്തി അനവധി ആണുങ്ങൾ അതിർത്തികൾ ലംഘിച്ചു പലായനത്തിലേർപ്പെടുന്നുണ്ട്. അതിരു കാക്കാൻ കെട്ടിനിർത്തിയിട്ടുള്ള മുള്ളുവേലിക്കമ്പികളിൽ ആദ്യം മുതുക് കീറുന്നത് അയാളുടേതാണ്. അതിർത്തിക്ക് കാവലേന്തുന്ന കാലാളുകളുടെ തോക്കിൻപാത്തിയുടെ അടിയേൽക്കുന്നത് ആദ്യം അയാളുടെ മുഖത്തും വെടിയേല്ക്കുന്നത് അയാളുടെ നെഞ്ചിലുമാണ്. മെഡിറ്ററേനിയൻ കടലിടുക്കുകളിലൂടെ പായ്ക്കപ്പലുകളിൽ പലായനം നടത്തി ദേശങ്ങളുടെ തുറമുഖങ്ങളിലേക്ക് ജീവനും കയ്യിലേന്തി വന്നുനിൽക്കുന്നവർക്കു മുന്നിൽ വാതിൽ കൊട്ടി അടയ്ക്കുന്ന ലോക സംസ്കാരത്തെ ഫ്രാൻസിസ് പാപ്പ അപലപിച്ച് അഭിസംബോധന ചെയ്തത് 'ഭൂമിയിൽ നിസ്സംഗതയുടെ ആഗോളീകരണം' എന്നാണ്.


നിറവയറുള്ള ഭാര്യയുടെ മുന്നിൽ സത്രത്തിന്റെ വാതിലുകൾ നിസ്സംഗതയുടെ ആഗോളീകരണത്തിന്റെ ആദ്യപടി എന്നവണ്ണം കൊട്ടി അട

യ്ക്കപ്പെട്ടപ്പോഴും, അധികാരത്തിന്റെ വാൾത്തലപ്പുകൊണ്ട് കുഞ്ഞുങ്ങളെ കുരുതി കൊടുത്ത ഹേറോദേസിന്റെ രാജകിങ്കരന്മാരുടെ കുതിരക്കുളമ്പടി കാതിൽ മുഴങ്ങിയപ്പോഴും ജോസഫ് പലായനത്തിന്റെ പാതയിൽനിന്ന് ഒരു തരി പിൻവാങ്ങിയില്ല. നിസ്സംഗതയുടെ ആഗോളീകരണത്തിനെതിരേ ഒരു നീതിമാന്റെ ഒറ്റയാൾപ്പോരാട്ടം അയാൾ നിർവഹിച്ചു.

'മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട' എന്ന ആത്മവിശ്വാസവും ധൈര്യവും നൽകിയ ദൈവദൂതൻ, ജോസഫ് എന്ന ചെറുപ്പക്കാരന്റെ കയ്യിലേക്കു നൽകിയത് വെറുമൊരു പെണ്ണിന്റെ ജീവിതമായിരുന്നില്ല. അവളിലൂടെ മണ്ണിലേക്കിറങ്ങേണ്ട മനുഷ്യപുത്രന്റെ ആയുസ്സിന്റെ കാവല്ക്കാരനാകുക എന്ന ദൈവനിയോഗമായിരുന്നു. രക്ഷാകരചരിത്രത്തിന്റെ മാംസവത്കരണത്തിൽ മറിയത്തെയും മകനെയും മണ്ണിലൊരിടത്തും പരിക്കേല്ക്കാതെ കാക്കുക എന്നതായിരുന്നു അയാളുടെ ദൗത്യം. മൂന്നുവർഷംകൊണ്ട്, മകൻ ക്രിസ്തു നടന്നു തീർത്ത വഴികളിൽ മുപ്പതു വർഷങ്ങൾക്കു മുൻപേ പലായനം നടത്തി പരിചയമുണ്ടായിരുന്ന മനുഷ്യനായിരുന്നു ജോസഫ് എന്ന അപ്പൻ. രക്ഷാകരചരിത്രത്തിന്റെ നാൾവഴികളിൽ ആ അമ്മയ്ക്കും മകനും വഴി പിഴയ്ക്കാതിരുന്നതിന്റെ ഒരു കാരണം, അവരുടെ സൗരയൂഥത്തിന്റെ വിഹായസ്സുകളിൽ ഭ്രമണപഥരേഖകൾ വരച്ചുചേർത്തത് ആശാരിപ്പണിക്കാരനായ ജോസഫ് ആയിരുന്നു എന്നതാണ്.

*(എസ്.എച്ച്. ലീഗ് പ്രസിദ്ധീകരിച്ച "വിശുദ്ധ യൗസേപ്പ് പിതാവും ഗുരുവും" എന്ന ഗ്രന്ഥത്തിൽനിന്ന്, പേജ് 235-238)*

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## OCTOBER 2021

| | | | |
|---|---|---|---|
| 02 | am | Koonammavu | 'Chavara Santhwanam' Covid aid distribution |
| 03 | am | Basilica, Ekm. | Church feast Holy Mass |
| | | Bishop's House | Inauguration of Cyber Samaritans C/o KCYM |
| | pm | Online | Golden Jubilee Year Inauguration of CML |
| 07 | pm | St. Francis Cathedral, Ekm. | Parish Feast Holy Mass |
| 08 | pm | Kakkanad | Church Annual Retreat (Talk) |
| 09 | am | Kokkunnu | Blessing of St. Marthas Convent |
| 10 | am | Chittoor | Chapel Blessing |
| 19 | am | Online | Board Meeting of Family Apostolate |
| 20 | pm | Mallussery | Talk: Sadhu Sevana Sabha General Chapter |
| 31 | pm | Pothiakara | Presbytery Blessing |

* * * * *

# കച്ചേരിക്കാര്യം

## അഭിനന്ദനങ്ങൾ



കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്നും മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. സുബിൻ കിടങ്ങേൻ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും. പ്രബന്ധം: **ഗോത്രജീവിതവും പാരിസ്ഥിതികാവബോധവും, പി. വൽസലയുടെയും നാരായന്റെയും കഥകളെ അടിസ്ഥാനമാക്കിയുള്ള പഠനം.**



കത്തോലിക്കാ ശാസ്ത്രജ്ഞരുടെ അന്താരാഷ്ട്ര സമിതിയിലെ അംഗമായി നിയമിതനായ **ബഹു. സോണി കടൂക്കുന്നേൽ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

# Transfers/Appointments

(Already effected)

**Rev. Fathers**

## July 2021

| | |
|---|---|
| Cheramthuruthy Anto | Relieved - Paluthara |
| Manickathan Xavier (Dino) | Valluvally Asst. |
| Moonjely Varghese (Sr.) | Relieved - Valliara & Ulavaip - Pro Vicar |
| Nazhiyampara Sebastian | Vaikom Town |
| Paryathara Joseph | Paluthara - Acting Vicar |
| Thengathara Jose | Relieved - Paluthara |
| Vaikathuparambil Thomas | Valliara & Ulavaip - Acting Pro Vicar |

## August 2021

| | |
|---|---|
| Cheriyampurath Thomas Chacko MCBS | Pallippuram - (Pastoral Assistance) |
| Elamthurithiyil Albin RCJ | Thycattussery - (Pastoral Assistance) |
| Kadappallil James (Anoop) | Study-Rome (Relieved - Finance Officer Minor Seminary & Asst. Dir. Vijo Bhavan) |
| Perumpallithara Antony (Anto) (Changanassery Archdiocese) | Vazhakulam (Residence) |

## September 2021

| | |
|---|---|
| Cholikkara Jose | Faridabad |
| Edassery Antony (Darvin) | Study - Paduva (Italy) |
| Ellickal Jeffy Francis HGN | Ayathupady Asst. |
| Ettiyil Tomy MSsCc | Relieved - Kuttipara |
| Kaiprampadan Justin (Paul) | Chittoor Chapel- Chaplain; Arch-diocesan Internet Mission- In-charge (Addl.) |
| Kannatt Thomas | Kuttipara (Relieved - Infarm Dir.) |
| Kareemadom Alex | Judge - Metropolitan Tribunal (Addl.) |
| Karukanthara Thomas (Julius) | Residence - Renewal Centre |
| Kattuparambil Antony (Linto) | Paloothara (Sept. 20) |

| | |
|---|---|
| Kiliyelikkudy Paul (Anil) | Relieved - Sehiyonpuram (Resi. Naipunnya, Pongam) |
| Koluthuvellil Joseph | Infarm Dir. (Addl.) |
| Konukunnel Sebastian MCBS | Relieved - Valamangalam |
| Koonathan Shaju RCJ | Mambra - Resident |
| Koottunkal Sebastian | Sehiyonpuram |
| Kottakkal Antony (Tony) | Vallakom & Amalapuri |
| Kozhikkadan Joseph | Nayathode - Acting Vicar |
| Madassery Sebastian | Thirumudikunnu |
| Maliyekkal Antony (Tony) | Viani Printing Asst. Manager (Addl.) |
| Mangalath Antony VC | Martin Nagar |
| Manikath Varghese | Pulluvazhy |
| Manjaly Sony (Sebastian) | Ulavaipu & Valliara |
| Maramattathil Joby Michael HGN | Kalambattupuram |
| Padickaparambil Varghese (Savy) | Centre for Research & Documentation (CRD) Dir. (Addl.) |
| Palathinkal Jerin (Martin) | Eloor + Naipunnya School Kochi - Asst. Dir. (Sept. 09) |
| Palatty Joseph (Jr.) (Bijoy) | PDDP Vice-Chairman (Addl.) |
| Parappuram Jose | Kadamakudy |
| Paryathara Jose | Relieved - Paluthara (Sept. 15) |
| Payyappilly Ignatius | Relieved - CRD Dir. |
| Puthenpurackal Varghese (Sherin) | Sebiyoor |
| Thachil Mathew | Valamangalam |
| Thadathil Jinu (Joseph) HGN | Relieved - Ayathupady Asst. |
| Theckanath Sebastian | Thabore (Saradhi Addl.) |
| Vadakkepurathan Rinu RCJ | Relieved - Kunnel (Alangad) |
| Vadakkumchery Johnson | Residence - Renewal Centre |
| Vaikathuparambil Thomas | Relieved - Ulavaipu, Valliara |
| Vailikodath Jose | Relieved - Cardinal Nagar (Residence Vijo Bhavan) |
| Valiaveettil Varghese (Arun) | Josepuram (Relieved - PDDP Vice-chairman) |
| Veliyil Antony (Riju) | Cardinal Nagar |

**Chancellor**

# Congregation of the Mother of Carmel (C.M.C.)

## Mount Carmel Generalate, Aluva.

| | | |
|---|---|---|
| Superior General | : | Sr. Grace Therese CMC |
| Vicar General | : | Sr. Prasanna CMC |
| Councillors | : | Sr. Rosemary CMC |
| | : | Sr. Annie Thomas CMC |
| | : | Sr. Navya Maria CMC |
| | : | Sr. Roselin CMC |
| | : | Sr. Anupa Mathews CMC |

## CMC Vimala Province, Ernakulam.

| | | |
|---|---|---|
| Provincial Superior | : | Sr. Little Flower CMC |
| Vicar Provincial | : | Sr. Reetta Jose CMC |
| Councillors | : | Sr. Lucy Maria CMC |
| | : | Sr. Pavana CMC |
| | : | Sr. Ann Therese CMC |
| | : | Sr. Soumya Thomas CMC |

## CMC Mary Matha Province, Angamaly.

| | | |
|---|---|---|
| Provincial Superior | : | Sr. Maria Anto CMC |
| Vicar Provincial | : | Sr. Merrina CMC |
| Councillors | : | Sr. PavithraCMC |
| | : | Sr. Daya Maria CMC |
| | : | Sr. Annie Joe CMC |
| | : | Sr. Jeeva Grace CMC |

പുതിയ സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!



# നിര്യാതരായി



## ഫാ. ജോസഫ് വളവി

**ജനനം: 06-06-1950**
**തിരുപ്പട്ടം: 29-05-1977**
**മരണം: 22-09-2021**

ബ. ജോസഫ് വളവി അച്ചൻ 1950 ജൂൺ 06-ാം തീയതി എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക ഇടവകയിലെ വളവി ജോസഫ്-ആനി ദമ്പതികളുടെ 7 മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് ബോംബെ സെന്റ് പയസ് ടെൻത് സെമിനാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി 1977 മെയ് 29-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ  ഇടപ്പള്ളി ഫൊറോനപ്പള്ളിയിൽ സഹവികാരിയായും തുടർന്ന് കാർഡിനൽ നഗർ, സൗത്ത് വാഴക്കുളം, എലൂർ, വാതക്കാട്, കോനൂർ, വെള്ളാരപ്പിള്ളി, കരയാംപറമ്പ്, കോക്കമംഗലം, പുത്തൻപള്ളി, മേക്കാട്, മങ്കുഴി, കരുമാലൂർ, എളവൂർ സെന്റ് മേരീസ് എന്നീ ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ രീതിയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. നായത്തോട് ഇടവക വികാരിയായി സേവനം ചെയ്തുവരുമ്പോൾ രോഗബാധിതനായി എറണാകുളം ലിസ്സി ആശുപത്രിയിൽ ചികിത്സയിലായിരുന്ന വളവിയച്ചൻ 71-ാം വയസ്സിൽ 2021 സെപ്തംബർ 22-ാം തീയതി, ബുധനാഴ്ച, രാവിലെ  7.45 ന് ഈ ലോകത്തിൽനിന്നും വിടപറഞ്ഞു.

23-ാം തീയതി വ്യാഴാഴ്ച രാവിലെ 8.00 മുതൽ അച്ചന്റെ മൃതദേഹം അച്ചൻ സേവനം ചെയ്തുകൊണ്ടിരുന്ന നായത്തോട് സെന്റ് ജോസഫ് ദേവാലയത്തിൽ പൊതുദർശനത്തിന് വയ്ക്കുകയും തുടർന്ന് 11.00 മണിയോടെ എറണാകുളത്തെ സ്വവസതിയിൽ കൊണ്ടുവരികയും ചെയ്തു. തുടർന്ന് 1.00 മണിയോടെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ കൊണ്ടുവന്ന് പ്രാർത്ഥനാശുശ്രൂഷ നടത്തി.

കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച് വൈദികരും സന്ന്യസ്തരും ദൈവജനവും അച്ചന്റെ ഭൗതികശരീരം സന്ദർശിച്ച് പ്രാർത്ഥിച്ചു.

ബ. ജോസഫ് വളവി അച്ചന്റെ മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിരൂപതാ മുൻ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് ചക്യത്ത്, വികാരി ജനറാൾ ബ. ഹോർമിസ് മൈനാട്ടിയച്ചൻ, വളവിയച്ചന്റെ ബാച്ചുകാരനായ ബ. വിൻസെന്റ് പറമ്പത്തറയച്ചൻ, എറണാകുളം സെന്റ് മേരീസ് ബസിലിക്ക ഇടവകാംഗമായ ബഹു. ജോസ് വടക്കനച്ചൻ എന്നിവരാണ് സഹകാർമ്മികരായത്.

കരിയിൽ പിതാവ് തന്റെ ആമുഖത്തിൽ ബ. വളവിയച്ചൻ എറണാകുളം -അങ്കമാലി അതിരൂപതയ്ക്ക് വളരെ പ്രിയങ്കരനായിരുന്നുവെന്നും അച്ചന്റെ വിയോഗത്തിന്റെ ദുഃഖമനുഭവിക്കുന്ന എല്ലാവർക്കും അനുശോചനം അറിയിക്കുന്നതായും പറഞ്ഞു. ഗൗരവപ്രകൃതമെന്ന് ഒറ്റ നോട്ടത്തിൽ തോന്നിയാലും അടുക്കുമ്പോൾ സൗമ്യമായും സ്നേഹമായും പെരുമാറുന്ന ആത്മീയപിതാവാണ് വളവിയച്ചനെന്ന് പിതാവ് സൂചിപ്പിച്ചു. ആത്മീയകാര്യങ്ങൾ ഉത്തരവാദിത്വത്തോടെ ചെയ്തിരുന്ന ആടുകളുടെ മണമുള്ള ഇടയനായിരുന്ന വളവിയച്ചന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് പിതാവ് കുർബാനയർപ്പിച്ചു.

തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ സുവിശേഷസന്ദേശം വിശ്വസ്തതയോടു കൂടി ജീവിച്ചതിന്റെ സൂചനയായി സുവിശേഷഗ്രന്ഥം മുത്തിച്ചത് വളവി അച്ചന്റെ ബാച്ചുകാരനായ ബ. വിൻസെന്റ് പറമ്പത്തറ അച്ചനാണ്. വളവിയച്ചൻ വികാരിയായിരുന്ന കോനൂർ ഇടവകാംഗവും ഇപ്പോൾ ശ്രീമൂലനഗരം-രാജഗിരി പള്ളി വികാരിയുമായ ബ. ബൈജു കണ്ണമ്പിള്ളി അച്ചൻ വിശുദ്ധ കുർബാന മധ്യേ തിരുവചന സന്ദേശം നൽകി. പ്രസംഗമദ്ധ്യേ ബ. ബൈജു ഇങ്ങനെ പറഞ്ഞു: Heaven and earth receive an honoured priest. ആഢ്യത്വമുള്ള, മാന്യനായ, ആത്മാർത്ഥയുള്ള, വിശ്വാസതീക്ഷ്ണതയുള്ള ഒരു വൈദികനായിരുന്നു ബ. ജോസഫ് വളവിയച്ചൻ. ഒരുപാട് ജീവിതങ്ങളെ അച്ചൻ തൊട്ടിട്ടുണ്ട്. ആ സ്പർശനമൊക്കെ ദൈവത്തിന്റെ സ്പർശനമായി അവരുടെ ഹൃദയങ്ങളിൽ ദൈവജനം അനുഭവിച്ചു.

ബ. വളവിയച്ചൻ കോനൂർ പള്ളിയിൽ വികാരിയച്ചനായിരുന്ന സമയത്ത് കാർമൽഗിരിയിൽ പഠിക്കുകയായിരുന്ന കണ്ണമ്പിള്ളിയച്ചന്റെ അനുഭവം

അദ്ദേഹം ഓർത്തെടുത്തു: വലിയ ഗൗരവക്കാരന്റെ മുഖം. അധികം ഒന്നും സംസാരിക്കില്ല. ദൈവജനത്തെ ചിട്ടയോടെ, അച്ചടക്കത്തോടെ അച്ചൻ ദൈവത്തിലേക്ക് നയിച്ചു. കുർബാന നടക്കുമ്പോൾ യാതൊരുവിധ അസ്വസ്ഥതകളും ഉണ്ടാകാതിരിക്കാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. കുർബാന അർപ്പിക്കുമ്പോൾ പോലും അച്ചൻ നിർദ്ദേശങ്ങൾ നൽകിയിരുന്നു. കുർബാനകളിൽ, പ്രാർത്ഥനകളിൽ, ധ്യാനങ്ങളിൽ തീക്ഷ്ണതയോടെ പങ്കെടുക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുമായിരുന്നു. പള്ളി നിറയെ ആളുകൾ ഉണ്ടാകുമായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട കാര്യം അച്ചന് അസാമാന്യമായ സമയബോധമുണ്ടായിരുന്നു. കുർബാനയും പ്രാർത്ഥനയും നീണ്ടുപോയിട്ടില്ല. അച്ചൻ ദൈവത്തോട് അഭേദ്യമായ ബന്ധം പുലർത്തിയിരുന്നു. ആ ബന്ധമാണ് അച്ചൻ തന്റെ അജഗണത്തിന് നല്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നത്. ദൈവം അച്ചന്റെ കൂടെ ഉണ്ടായിരുന്നു. ഏത് ഇടവകകളിൽ ചെന്നാലും ആ ഇടവകകളുടെ സമഗ്ര വികസനത്തിനായി കഴിയുന്നിടത്തോളം കഠിനാദ്ധ്വാനം ചെയ്യാൻ അച്ചൻ തയ്യാറായിരുന്നു. കോന്നൂരിൽ പുതിയ പള്ളി പണിതശേഷം അച്ചൻ എല്ലാ ഇടവകക്കാരെയും കൂട്ടി പഴയ ചെറിയ പള്ളി മൂന്ന് നിലയുള്ള സ്കൂളാക്കി മാറ്റി. സ്കൂളിന്റെ നിർമ്മാണത്തിൽ ജനങ്ങളോടൊപ്പം അച്ചനും അധ്വാനിക്കുമായിരുന്നു. ഇടവകകളുടെ സമഗ്ര വികസനത്തിനായി ജനങ്ങളോടൊപ്പം ജനങ്ങൾക്കുവേണ്ടി ദൈവത്തോട് ചേർന്നു അക്ഷീണം അധ്വാനിച്ചു.

നടുവേദന, പ്രമേഹം തുടങ്ങി രോഗങ്ങൾ കഠിനമായി അലട്ടിയിരുന്നെങ്കിലും അച്ചൻ അതൊന്നും ഗൗനിച്ചിരുന്നില്ല. ഒരു കാര്യം ഏറ്റെടുത്താൽ അത് വിജയിപ്പിക്കാൻ അച്ചൻ പരിപൂർണമായി ശ്രമിക്കുകയായിരുന്നു. ആരോടും ദീർഘനാളത്തേക്ക് ദേഷ്യം സൂക്ഷിച്ചിട്ടില്ല. ആരും അറിയാതെ ഒത്തിരിപേരെ സഹായിച്ചുകൊണ്ടിരുന്ന വ്യക്തിയാണ് ബ. വളവിയച്ചൻ. കുഞ്ഞുങ്ങളോട് വാത്സല്യത്തോട് പെരുമാറണമെന്ന് അച്ചന് നിർബന്ധമായിരുന്നു. അച്ചൻ ഒരിക്കലും ഇടവകകളെക്കുറിച്ചോ കുടുംബങ്ങളെക്കുറിച്ചോ പരാതി പറഞ്ഞിട്ടില്ല. ആയിരിക്കുന്ന ഇടവകയോട് സ്നേഹം, അരമനയോട് സ്നേഹം, പരിശുദ്ധ കുർബാനയിലെ ഈശോയോട് പരിപൂർണ സമർപ്പണം.

വിളിച്ച് വിളി തന്ന ഈശോയുടെ മുന്നിൽ പൂർണ സമർപ്പണം. ഇതായിരുന്നു ബ. വളവിയച്ചൻ. അദ്ദേഹം ഒരു നല്ല പാട്ടുകാരനായിരുന്നു. എന്നാൽ, അദ്ദേഹം ഒരിക്കലും അത് വലിയ കാര്യമായി അഹങ്കരിച്ചിട്ടില്ല.

സംഗീതത്തിലൂടെ അജഗണത്തെ ദൈവത്തിങ്കലേക്ക് കൊണ്ടുവരാൻ അദ്ദേഹം പരിശ്രമിച്ചു. പള്ളിയോട് ചേർന്നു നിൽക്കാത്തവരെ കണ്ട് വ്യക്തിപരമായി അച്ചൻ മണിക്കൂറുകളോളം സംസാരിച്ച് അവരെ ഇടവക പ്രവർത്തനങ്ങളോട് അടുപ്പിക്കുമായിരുന്നു. എല്ലാവരെയും സ്നേഹിച്ചിരുന്ന എല്ലാവർക്കും വേണ്ടി അധ്വാനിച്ചിരുന്ന സാധാരണ വൈദികൻ. സഹനങ്ങൾ പൂർണഹൃദയത്തോടെ സ്വീകരിച്ച് പിതാക്കന്മാർ അയച്ച എല്ലാ ഇടവകകളിലേക്കും സന്തോഷത്തോടെ പോവുകയും സേവനം ചെയ്യുകയും ചെയ്ത വളവി അച്ചൻ ഇന്ന് കടന്നു പോവുകയാണ്.

പ്രിയപ്പെട്ട വളവിയച്ചാ, അച്ചന്റെ കുർബാനയിൽ പങ്കെടുത്തവരുടെ പേരിൽ അച്ചൻ മാമ്മോദീസ മുക്കിയവരുടെ പേരിൽ അച്ചൻ കുമ്പസാരിപ്പിച്ചവരുടെ പേരിൽ, അച്ചൻ രോഗീലേപനം നല്കിയവരുടെ പേരിൽ അച്ചന് നന്ദി പറയുന്നു. സ്വർഗത്തിലേക്കുള്ള യാത്രയിൽ മാലാഖമാരെ അയച്ച് ദൈവം അച്ചന് വഴികാട്ടട്ടെ. ദൈവം തന്റെ നീതിമാന്മാർക്കായി ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യം അച്ചന് ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മനുഷ്യർ മറക്കുവോളം മരിച്ചവരാരും മരിക്കുന്നില്ല. വളവിയച്ചാ അങ്ങ് ഒരിക്കലും മരിക്കുന്നില്ല. അങ്ങയുടെ വിശുദ്ധിയും സ്നേഹവും അനുഭവിച്ചറിഞ്ഞ എല്ലാവരും അങ്ങയെ ഓർത്തിരിക്കും. മുന്നേപോകുന്ന പക്ഷി പോലെ അങ്ങ് പോവുക. ഇങ്ങനെ പറഞ്ഞിട്ടാണ് ബ. ബൈജു കണ്ണമ്പിള്ളി അച്ചൻ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

തിരുക്കർമ്മങ്ങളുടെ അവസാനഭാഗത്ത് മുഖ്യകാർമ്മികത്വം വഹിച്ചത് മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവായിരുന്നു. പിതാവ് തന്റെ സന്ദേശത്തിൽ വളവിയച്ചൻ ശാന്തതയും പക്വതയുമുള്ള നല്ല അജപാലകനായിരുന്നെന്നും ജനങ്ങളോടുള്ള സ്നേഹവും പ്രതിബദ്ധതയും അദ്ദേഹത്തിന്റെ അജപാലനജീവിതത്തിൽ നിഴലിച്ചിരുന്നെന്നും വ്യക്തിപരമായ ബന്ധങ്ങൾ ഇടവകജനങ്ങളോട് പുലർത്തി ആത്മീയകാര്യങ്ങളിൽ തീക്ഷ്ണമതിയായിരുന്നെന്നും കർദിനാൾ പിതാവ് സൂചിപ്പിച്ചു. ഇടവകയിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും ഒരു സമാധാന ദൂതനെപ്പോലെ വർത്തിക്കുവാനും ശ്രമിച്ച വ്യക്തിയാണ് വളവിയച്ചൻ. ഫ്രാൻസിസ് അസ്സീസിയെപ്പോലെ എന്നെ ഒരു സമാധാനത്തിന്റെ ദൂതനാക്കണമേയെന്ന പ്രാർത്ഥന വളവിയച്ചനിൽ അന്വർത്ഥമായെന്നും പിതാവ് പറഞ്ഞു. അപ്രതീക്ഷിതമായ ഈ വേർപാടിൽ വേദനിക്കുന്ന എല്ലാവരോടും ചേർന്ന് ആലഞ്ചേരി പിതാവ് പ്രാർത്ഥിച്ചു.

നിത്യസമ്മാനത്തിന് യാത്രയാകുന്ന ബ. വളവിയച്ചന്റെ പ്രാർത്ഥന എന്നും നമ്മോടു കൂടെയുണ്ടാകട്ടെ. സംഗീതം കൊണ്ടും സാന്നിധ്യം കൊണ്ടും സേവനം കൊണ്ടും ഏറെപ്പേരുടെ ഹൃദയത്തെ ഉത്തേജിപ്പിച്ച ബ. ജോസഫ് വളവിയച്ചനെന്ന ആത്മീയവ്യക്തിത്വത്തിന് എറണാകുളം-അങ്കമാലി അതിരൂപതാ കുടുംബത്തിന്റെ സ്നേഹവും നന്ദിയും ആദരപൂർവ്വം അർപ്പിക്കുന്നു. ■

## സി. ജിയോ ഇളപ്പുപാറയ്ക്കൽ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 09/09/1936 |
| വ്രതവാഗ്ദാനം | : | 06/01/1958 |
| മരണം | : | 27/08/2021 |

## സി. ബോനിറ്റ കുരിശുമൂട്ടിൽ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 01/01/1933 |
| വ്രതവാഗ്ദാനം | : | 07/01/1956 |
| മരണം | : | 21/08/2021 |

## സി. മജെല്ല കളപ്പറമ്പത്ത് SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | | |
|---|---|---|
| ജനനം | : | 05/04/1945 |
| വ്രതവാഗ്ദാനം | : | 06/01/1964 |
| മരണം | : | 09/08/2021 |

## സി. മരിയാനി നാഗനൂലിൽ SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | | |
|---|---|---|
| ജനനം | : | 01/11/1935 |
| വ്രതവാഗ്ദാനം | : | 06/01/1959 |
| മരണം | : | 06/08/2021 |

## സി. റെമിജിയൂസ് CMC



ചാവറ സദൻ, കൈപ്ര, ശ്രീമൂലനഗരം

ജനനം : 15/05/1931

വ്രതവാഗ്ദാനം : 02/02/1954

മരണം : 18/09/2021

## സി. ലീന മാത്യൂസ് CMC



(ലീന മാത്യു പാലാട്ടി, മൂന്നാംപറമ്പ്)

സെൻ്റ് ജർമയിൻസ് കോൺവെൻ്റ്, ചെങ്ങൽ

ജനനം : 22/11/1953

വ്രതവാഗ്ദാനം : 01/05/1972

മരണം : 24/08/2021

## സി. മാർട്ടിൻ MSJ



(സെലിൻ ജോസ് പൈനാടത്ത്, കറുകുറ്റി)

പ്രൊവിൻഷ്യൽ ഹൗസ്, ചൂണ്ടി, ആലുവ.

ജനനം : 17/05/1938

വ്രതവാഗ്ദാനം : 24/09/1959

മരണം : 14/09/2021

## സി. സാലി MSJ



(അന്നമ്മ വാച്ചാപറമ്പിൽ പരുത്തിക്കൽ, പുളിങ്കുന്ന്)

പ്രൊവിൻഷ്യൽ ഹൗസ്, ചൂണ്ടി, ആലുവ.

ജനനം : 30/01/1942

വ്രതവാഗ്ദാനം : 08/09/1964

മരണം : 01/09/2021

## സി. സെൽമ MSJ



(മേരി ജേക്കബ് കണിച്ചി, ചാലക്കുടി)

പ്രൊവിൻഷ്യൽ ഹൗസ്, ചൂണ്ടി, ആലുവ.

ജനനം : 26/12/1940

വ്രതവാഗ്ദാനം : 08/09/1965

മരണം : 26/07/2021

# വാർത്തകളും വിശേഷങ്ങളും

## പൊതുനന്മയെക്കരുതി പ്രതിരോധമരുന്നുകൾ സ്വീകരിക്കുക: ഫ്രാൻസിസ് പാപ്പാ

18/08/2021-ലെ തന്റെ ട്വീറ്റർ സന്ദേശത്തിൽ, മറ്റുള്ളവരോടുള്ള കരുതലിന്റെ ഭാഗമായും കൂടുതൽ മെച്ചപ്പെട്ട ഭാവിയെ കരുതിയും പ്രതിരോധമരുന്നുകൾ സ്വീകരിക്കാൻ ഫ്രാൻസിസ് പാപ്പാ ആവശ്യപ്പെട്ടു. എല്ലാവർക്കും പ്രതിരോധമരുന്നുകൾ ലഭ്യമാക്കണമെന്നും അതിനായി എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾക്കായി നൽകിയ വീഡിയോ സന്ദേശത്തിലും പാപ്പാ പറഞ്ഞു. അംഗീകാരമുള്ള മരുന്നുപയോഗിച്ച് പ്രതിരോധം സ്വീകരിക്കുന്നത് സ്നേഹത്തിന്റെ ഒരു പ്രവൃത്തിയാണെന്ന് ഓർമിപ്പിച്ച പാപ്പാ, കൂടുതൽ ആളുകൾ പ്രതിരോധമരുന്നുകൾ സ്വീകരിക്കുന്നതിന് പരസ്പരം സഹായിക്കണമെന്നും കൂട്ടിച്ചേർത്തു. ഇത് ഏറ്റവും ദുർബലരായ മനുഷ്യരോടുമുള്ള സ്നേഹത്തിന്റെ പ്രവൃത്തിയാണെന്നും അതുവഴി സമൂഹത്തെ മെച്ചപ്പെടുത്താൻ സഹായിക്കുന്നതാണെന്നും പാപ്പാ അഭിപ്രായപ്പെട്ടു.

## കുടുംബത്തിനായി ഒരു ആഗോള കത്തോലിക്കാ ഉടമ്പടി

2022 ൽ നടക്കുന്ന ആഗോള കുടുംബ സംഗമത്തിന്റെ സമാപനത്തിൽ അഞ്ച് ഭൂഖണ്ഡങ്ങളിലേയും കത്തോലിക്കാ സർവ്വകലാശാലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കുടുംബത്തെക്കുറിച്ച് ഒരു ആഗോള കത്തോലിക്കാ ഉടമ്പടി അവതരിപ്പിക്കാൻ വത്തിക്കാൻ ഒരുങ്ങുന്നു. സഭയുടെ പ്രബോധനങ്ങളനുസരിച്ച് ലോകം മുഴുവനിലും കുടുംബത്തെ പ്രോൽസാഹിപ്പിക്കാൻ വേണ്ട പ്രവർത്തന പരിപാടികൾ പങ്കുവച്ചു കൊണ്ടുള്ള ഒരു സംരംഭമാണിത്. അഞ്ച് ഭൂഖണ്ഡങ്ങളിലുമുള്ള കത്തോലിക്കാ സർവ്വകലാശാലകളുടെ പഠനങ്ങളേയും ഗവേഷണ കേന്ദ്രങ്ങളേയും ഈ ഉടമ്പടിയിൽ ഉൾക്കൊള്ളിച്ചുകൊണ്ടു കുടുംബത്തിന്റെ സാംസ്കാരികവും നരവംശ ശാസ്ത്രപരവുമായ പ്രാധാന്യത്തെക്കുറിച്ചുള്ള വിവരങ്ങളും ഗവേഷണഫലങ്ങളും ശേഖരിക്കുകയും, കുടുംബ ബന്ധങ്ങളെക്കുറിച്ചും, അന്തർദേശീയ തലത്തിലുള്ള കുടുംബത്തിന്റെ സാമൂഹിക മൂല്യങ്ങളെ കുറിച്ചും, കുടുംബ നയങ്ങളുടെ നല്ല സമ്പ്രദായങ്ങളെക്കുറിച്ചും ശ്രദ്ധിക്കുകയും ചെയ്യുന്നതായിരിക്കും ഈ ഉടമ്പടി എന്ന് അൽമായർക്കും, കുടുംബത്തിനും, ജീവനുമായുള്ള ഡിക്കാസ്ട്രിയിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

# വിശ്വാസപരിശീലനകേന്ദ്രം

## പരിശുദ്ധ മറിയത്തോടൊപ്പം

(ഒക്ടോബർ മാസത്തെ നിയോഗം)

**1. ഒന്നാം സെമസ്റ്റർ പരീക്ഷ: ഒക്ടോബർ 3 ഞായറാഴ്ച**

ഒക്ടോബർ 03 ഞായറാഴ്ച ഒന്നാം സെമസ്റ്റർ പരീക്ഷ ഇടവക തലത്തിൽ നടത്തുവാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. പരീക്ഷാ സംബന്ധമായ നിർദ്ദേശങ്ങൾ സെപ്റ്റംബർ 2-ാം തീയതി Exam Instructions 2021-2022 എന്ന പേരിൽ PDF നൽകിയിട്ടുള്ളതാണ്.

കാറ്റിക്കിസം കുട്ടികളുടെ ഓരോ വിഭാഗത്തിനുംവേണ്ടി നിർദ്ദേശിച്ചിരിക്കുന്ന വീഡിയോ ക്ലാസ്സിൽ പങ്കെടുക്കുകയും അതത് ക്ലാസ്സു ടീച്ചേഴ്സ് വീഡിയോ ക്ലാസ്സിനെ ആസ്പദമാക്കി നൽകുന്ന അസൈൻമെന്റ് തയ്യാറാക്കുന്നതിന്റെ അടിസ്ഥാനത്തിലും ആണ് ഒന്നാം സെമസ്റ്ററിന്റെ ഇന്റേണൽ അസസ്സ്മെന്റിന് 5 മാർക്ക് നൽകേണ്ടത്. ഓരോ വിഭാഗത്തിനുമുള്ള ക്ലാസുകൾ :

1, 2, 3 ക്ലാസുകൾ: നല്ല ശീലങ്ങൾ

4, 5, 6 ക്ലാസുകൾ: നീർച്ചാലുകൾ (കുമ്പസാരം)

7, 8, 9, 10, 11, 12 ക്ലാസുകൾ: Know Thyself (ലൈംഗിക ബോധവൽക്കരണ ക്ലാസ്)

a) ഒന്നാം സെമസ്റ്റർ പരീക്ഷയുടെ മാർക്കുകൾ കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി ഒക്ടോബർ 17.

b) പത്താം ക്ലാസ് & രണ്ടാംവർഷ ഡിപ്ളോമ ക്ലാസിലെ കുട്ടികളുടെ പരീക്ഷയുടെ മാർക്കുകൾ മാത്രം ഫൊറോനയിൽ ഒക്ടോബർ 17 ഞായറാഴ്ചയ്ക്കകവും, അതിരൂപതാകേന്ദ്രത്തിൽ ഒക്ടോബർ 24 ഞായറാഴ്ചയ്ക്കകവും നൽകണം. ഈ ക്ലാസ്സുകാരുടെ പരീക്ഷയുടെ മാർക്കുകൾ മാത്രം അതിരൂപതാകേന്ദ്ര ഓഫീസിൽ നിന്നുമാണ് കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തുന്നത്.

c) കേരള ഗവമെന്റ് തലത്തിലുള്ള പ്ലസ് വൺ പരീക്ഷകൾ നടക്കുന്ന സാഹചര്യത്തിൽ കാറ്റിക്കിസം രണ്ടാംവർഷ ഡിപ്ളോമ ക്ലാസിലെ

കുട്ടികളുടെ പരീക്ഷ ഒക്ടോബർ 24-ാം തീയതി നടത്താവുന്നതാണ്. അന്നേദിവസമുള്ള റെഗുലർ കാറ്റിക്കിസം ക്ലാസിനു പുറമെയായിരിക്കണം പരീക്ഷാസമയം ക്രമീകരിക്കേണ്ടത്. ഈ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് നവംബർ 6-ാം തീയതിക്കകം ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ എത്തിക്കേണ്ടതാണ്. പരീക്ഷാ തീയതിയും സമയവും ഇടവകയിൽതന്നെ തീരുമാനിച്ച് അതത് ക്ലാസ്സ് ടീച്ചറിനെയും കുട്ടികളെയും അറിയിക്കേണ്ടതാണ്.

2. പ്രധാനാധ്യാപകരുടെ Online Meeting: 10/09/2021 വെള്ളിയാഴ്ച വൈകിട്ട് 7.00 മണിക്ക് നടത്തി. പ്രധാനാധ്യാപകരും പങ്കെടുക്കാൻ കഴിയാത്തവരുടെ പ്രതിനിധികളായി നിയോഗിച്ചവരും കൂടി 245 പേർ മീറ്റിങ്ങിൽ പങ്കെടുത്തു.

3. പരിശുദ്ധ മറിയത്തോടൊപ്പം: ഒക്ടോബർ മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ അതിരൂപതയിലെ പരിശുദ്ധ മാതാവിന്റെ നാമധേയത്തിലുള്ള 31 ദൈവാലയങ്ങളിൽ നിന്നും ജപമാല പ്രക്ഷേപണം ചെയ്യുന്നു. ഓരോ ഇടവകയ്ക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസത്തെ ജപമാല ഒക്ടോബർ മാസം 1-ാം തീയതി മുതൽ രാവിലെ 5.00 മണിയ്ക്ക് Media Catechetical Ministry YouTube ചാനലിൽ ആയിരിക്കും പ്രക്ഷേപണം ചെയ്യുന്നത്.

- ജപമാല സുഗമമായി നടത്തുന്നതിനെക്കുറിച്ച് സെപ്റ്റംബർ 06 വൈകിട്ട് 7.00 മണിക്ക് Online Meeting നടത്തുകയും വിശദീകരിക്കുകയും ചെയ്തു. 70 തോളം പേർ ഈ മീറ്റിങ്ങിൽ പങ്കെടുത്തു.

4. SAINTS' MEET: സകലവിശുദ്ധരെയും അനുസ്മരിക്കുന്ന മാസമാണല്ലോ നവംബർ മാസം. അതിനൊരുക്കമായി നമ്മുടെ അതിരൂപതയിലെ ഓരോ ഇടവകയിൽ നിന്നും ഒരു വിശുദ്ധനെ/ വിശുദ്ധയെ പരിചയപ്പെടുത്തുന്ന ഒരു വീഡിയോ പ്രോഗ്രാം നടത്തുവാൻ ആഗ്രഹിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ ഇടവകയ്ക്കും ഒരു വിശുദ്ധനെയോ വിശുദ്ധയെയോ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നിശ്ചയിച്ച് നൽകുന്നതാണ്. നൽകപ്പെടുന്ന വിശുദ്ധൻ/ വിശുദ്ധയെ ഏറ്റവും നന്നായി അവതരിപ്പിക്കുന്ന ഒരു കുട്ടിയെ തെരഞ്ഞെടുക്കുക എന്നുള്ളതാണ് ഇതിന്റെ ആദ്യപടി. ഇതിനായി ഇടവകതലത്തിൽ ഒരു മത്സരം

നടത്തുകയും അതിൽ നിന്നും ഏറ്റവും നന്നായി അവതരിപ്പി ക്കുന്നവരെ തെരഞ്ഞെടുത്ത് ഫൊറോനയിൽ ഏൽപ്പിക്കുകയു മാണ് ചെയ്യേണ്ടത്. ആദ്യത്തെ മൂന്നു സ്ഥാനത്തിന് അർഹരായ വരുടെ വീഡിയോ 1, 2, 3 എന്നീ സ്ഥാനങ്ങൾ നിശ്ചയിച്ച് വേണം നൽകുവാൻ.

ഇടവകതലത്തിൽ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ:

1. 4-ാം ക്ലാസു മുതൽ 8-ാം ക്ലാസു വരെയുള്ള കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്.
2. വിശുദ്ധന്റെയോ വിശുദ്ധയുടെയോ വേഷവിധാനങ്ങളോടെയും അവരുടെ പ്രത്യേകതകൾ ഉൾക്കൊണ്ടുമായിരിക്കണം ഈ പ്രോഗ്രാം നടത്തേണ്ടത്.
3. അവതരിപ്പിക്കേണ്ട കുട്ടികൾ വിശുദ്ധനെക്കുറിച്ച് പറയുകയല്ല, മറിച്ച്, അവർ ആ വിശുദ്ധനോ/വിശുദ്ധയോ ആയി മാറി തങ്ങളെത്തന്നെ പരിചയപ്പെടുത്തുകയും, തങ്ങളുടെ ജീവിതത്തിൽ നടന്ന സംഭവങ്ങളെ കോർത്തിണക്കി 5 മിനിറ്റിൽ കൂടാതെയുള്ള വീഡിയോ തയ്യാറാക്കുകയുമാണ് ചെയ്യേണ്ടത്.
4. വികാരിയച്ചനും അദ്ധ്യാപകരും കൂടി നിശ്ചയിക്കുന്ന ഒരു വിദഗ്ദ്ധസമിതി ഇതിൽ നിന്നും ഏറ്റവും നല്ല മൂന്നെണ്ണം ഒന്ന്, രണ്ട്, മൂന്ന് എന്ന ക്രമത്തിൽ തെരഞ്ഞെടുക്കുകയും ഫൊറോന പ്രൊമോട്ടർമാർ വഴി അത് അതിരൂപതയിൽ ഏൽപ്പിക്കുകയും ചെയ്യുമല്ലോ.
5. പ്രൊമോട്ടേഴ്സിന് നൽകുമ്പോൾ ഇടവകയുടെ പേര്, കുട്ടിയുടെ പേര്, ഫൊറോനയുടെ പേര്, അവതരിപ്പിച്ച വിശുദ്ധൻ/ വിശുദ്ധയുടെ പേര്, 1st, 2nd, 3rd എന്നിവ ചേർത്തുവേണം കൊടുക്കേണ്ടത്.
6. വീഡിയോ ഷൂട്ട് ചെയ്യുമ്പോൾ ഹൊറിസോണ്ടൽ ആയി ചെയ്യേണ്ടതാണ്. ശബ്ദവും വെളിച്ചവും വിഷ്വൽസും വ്യക്തമായിരിക്കാൻ ശ്രദ്ധിക്കണം.
7. തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് എൻട്രികളും Media Catechetical Ministry Youtube ചാനൽ വഴി പ്രൊമോട്ട് ചെയ്യുന്നതായിരിക്കും.
8. ഇതിന്റെ അവസാനദിവസം ഒക്ടോബർ 23 ആയിരിക്കും. 24-ാം തീയതി പ്രൊമോട്ടർമാർക്ക് ഇത് സബ്മിറ്റ് ചെയ്യേണ്ടതാണ്.

**5. വി. കുർബാന പ്രക്ഷേപണം (ഒക്ടോബർ)**

ഞായറാഴ്ചകളിൽ രാവിലെ 9.30-നുള്ള വി. കുർബാന പ്രക്ഷേപണം ചെയ്യുന്ന പള്ളികളും വികാരിയച്ചന്മാരും:

| | |
|---|---|
| ഒക്ടോ. 03 | പള്ളിപ്പുറം സെ. മേരീസ് ഫൊറോനാ പള്ളി (റവ. ഫാ. തോമസ് വൈക്കത്തുപറമ്പിൽ) |
| ഒക്ടോ. 10 | പട്ടണം സെ. മേരീസ് പള്ളി (റവ. ഫാ. സിജോ കിരിയാന്തൻ) |
| ഒക്ടോ. 17 | മൂക്കന്നൂർ സെ. മേരീസ് ഫൊറോനാ പള്ളി (റവ. ഫാ. ജോസ് പൊള്ളയിൽ) |
| ഒക്ടോ. 24 | ഞാറയ്ക്കൽ സെ. മേരീസ് പള്ളി (റവ. ഫാ. ജോസഫ് കരുമത്തി) |
| ഒക്ടോ. 31 | എറണാകുളം സെ. മേരീസ് കത്തീഡ്രൽ ബസലിക്ക (റവ. ഫാ. ഡേവീസ് മാടവന) |
| നവം. 07 | വെസ്റ്റ് കൊരട്ടി സെ. മേരീസ് ഫാത്തിമ മാതാ (റവ. ഫാ. ജോമോൻ പാല്യക്കര) |

6. വിശ്വാസപരിശീലകർക്കുള്ള BOC പ്രോഗ്രാം. വിശ്വാസപരിശീലകർ നിർബന്ധമായും പങ്കെടുക്കേണ്ട ഒരു പരിശീലനപദ്ധതിയാണ് BOC. 100 പേർക്കു പങ്കെടുക്കാവുന്ന പല ബാച്ചുകളായിട്ടാണ് ഈ ഓൺലൈൻ കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ഇതുവരെ BOC-യിൽ പങ്കെടുക്കാത്ത അദ്ധ്യാപകർ നിർബന്ധമായും ആദ്യം ഈ കോഴ്സിൽ പങ്കെടുക്കുക. പങ്കെടുക്കുന്നവർ Google Registration Form വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. മറ്റ് വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

7. കാറ്റിക്കിസം ടീച്ചേഴ്സ് ഡേ: നവംബർ 4 വ്യാഴം, വി. ചാൾസ് ബൊറോമിയൊയുടെ തിരുനാൾ (വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥൻ).

8. ഓണക്കരുതൽ റിപ്പോർട്ട്: വിരുന്ന്, പുത്തനുടുപ്പ്, ആക്റ്റിവിറ്റികൾ എന്നിവ ഇടവകകളിൽ നടത്തിയതിന്റെ റിപ്പോർട്ട് ഫൊറോന സെക്രട്ടറി സിസ്റ്ററിനെ ഏൽപ്പിക്കുമല്ലോ. ഫൊറോന സെക്രട്ടറി സിസ്റ്റർ എല്ലാ ഇടവകകളിലെയും റിപ്പോർട്ടുകളും കൂടി ക്രോഡീകരിച്ച് ഫൊറോനയിലെ ഒരു റിപ്പോർട്ടായി അതിരൂപതാ കേന്ദ്രത്തിനു നൽകേണ്ടതാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## സെപ്റ്റംബർ മാസത്തിൽ നടത്തിയ പ്രോഗ്രാമുകൾ

### നിയോഗം: വിശുദ്ധ കുരിശിനോടൊപ്പം

### വി. കുർബാന പ്രക്ഷേപണം ചെയ്ത ഇടവകകൾ

സെപ്റ്റം. 05 പന്തയ്ക്കൽ, സെന്റ് മദർ തെരേസ പള്ളി
(റവ. ഫാ. ആന്റണി വട്ടപറമ്പിൽ)
സെപ്റ്റം. 12 താന്നിപ്പുഴ, സെന്റ് ജോസഫ് പള്ളി
(റവ. ഫാ. പോൾ മണവാളൻ)
സെപ്റ്റം. 19 കുന്നുംപുറം, സെന്റ് ജോസഫ് പള്ളി
(റവ. ഫാ. ബിനീഷ് പൂണോലി)
സെപ്റ്റം. 26 എൻ. എ. ഡി. പുരം, സെന്റ് മേരീസ് പള്ളി
(റവ. ഫാ. പോൾ തേയ്ക്കാനത്ത്)
ഒക്ടോബർ 03 പള്ളിപ്പുറം, സെന്റ് മേരീസ് ഫൊറോനാ പള്ളി
(റവ. ഫാ. തോമസ് വൈക്കത്തുപറമ്പിൽ)

**വിയാനി ചരിതം**

നമ്മുടെ അതിരൂപതയുടെ ശതോത്തര രജതജൂബിലി വർഷത്തിൽ എല്ലാ ഇടവകകളിലെയും വിശ്വാസപരിശീലന യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ വിശ്വാസപരിശീലനവിഭാഗം ഒരുക്കിയ പ്രോഗ്രാമായിരുന്നു വിശുദ്ധ ജോൺ മരിയ വിയാനിയെക്കുറിച്ചുള്ള ചരിതം. 297 വാചകങ്ങളിലായി രചിച്ച് 297 ലഘു വീഡിയോകളായി ക്രോഡീകരിച്ച് 'വിയാനിചരിതം' എന്ന പേരിൽ വീഡിയോ തയ്യാറാക്കി. ഈ വീഡിയോ catechismernakulam YouTube Channel-ൽ പ്രക്ഷേപണം ചെയ്തു.

**ഓർമ്മയിലൊരച്ചൻ**

ജീവിതത്തിൽ വഴിവിളക്കായി ശക്തമായ സ്വാധീനം ചെലുത്തിയിട്ടുള്ള, മറക്കാനാകാത്ത നന്മയുടെ ഓർമ്മകൾ നൽകുന്ന വൈദികനെ/രെ കുറിച്ച് അയവിറക്കുന്ന, അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പ്രോഗ്രാമായിരുന്നു 'ഓർമ്മയിലൊരച്ചൻ'. ഇടവക തലത്തിൽ നിന്നും തെരഞ്ഞെടുത്ത മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള ലഘു വീഡിയോകൾ, ഫൊറോന കൗൺസിൽ വിലയിരുത്തി ഒരു ഇടവകയ്ക്ക് ഒരു വീഡിയോ എന്ന വിധത്തിൽ അതിരൂപത കേന്ദ്രത്തിലേയ്ക്ക് നൽകി. 131 ഇടവകകൾ പങ്കെടുത്തു. ഇത് mediacatecheticalministry YouTube channel ൽ പ്രക്ഷപണം ചെയ്തു.

**ഈ മത്സരത്തിൽ സമ്മാനങ്ങൾക്ക് അർഹരായ ഇടവകകൾ**

| | |
|---|---|
| ഒന്നാം സ്ഥാനം: | മംഗലശ്ശേരി സെന്റ് തോമസ് പള്ളി ഇടവക. Views - 9675, Likes - 1378 |
| രണ്ടാം സ്ഥാനം: | പുത്തൻപള്ളി സെന്റ് ജോർജ് പള്ളി ഇടവക Views - 8798, Likes - 1569 |
| മൂന്നാം സ്ഥാനം: | തലയോലപ്പറമ്പ് സെന്റ് ജോർജ് പള്ളി ഇടവക Views - 6862, Likes - 1509 |
| Jury Special Award | കണ്ണിമംഗലം സെന്റ് മാർട്ടിൻ ഡി പോറസ് പള്ളി ഇടവക Views - 8756, Likes - 881 |

**വിഷയാവതരണം, വീഡിയോ എഡിറ്റിംഗ്, എന്നിവയൊക്കെ നോക്കി നൽകുന്ന Jury Special Mention ന് അർഹരായവർ:**

1. അങ്കമാലി സെന്റ് ജോർജ് ബസിലിക്ക ഇടവക
2. മരട് സെന്റ് ജാന്ന പള്ളി ഇടവക
3. അയിരൂർ സെന്റ് ആന്റണീസ് പള്ളി ഇടവക
4. പെരുമാനൂർ ലൂർദ് മാതാ പള്ളി ഇടവക
   വിജയികൾക്ക് അഭിനന്ദനങ്ങൾ!!! സമ്മാനങ്ങൾ പിന്നീട് നൽകുന്നതാണ്.

**DIDACHE 12 വെബിനാർ:**
**'ക്രൈസ്തവ മനഃസാക്ഷി രൂപീകരണം കുടുംബത്തിൽ'**
– ആഗസ്റ്റ് 14-ാം തീയതി ശനിയാഴ്ച വൈകിട്ട് 8.30 മുതൽ മാതാ പിതാക്കൾക്കുവേണ്ടിയുള്ള ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. 'ക്രൈസ്തവ മനഃസാക്ഷി രൂപീകരണം കുടുംബത്തിൽ' എന്ന വിഷയത്തെക്കുറിച്ച് ബഹു. ജസ്റ്റിസ് കുര്യൻ ജോസഫ് സംസാരിച്ചു.

**Zoom Meeting**: ഫൊറോന ഡയറക്ടർ അച്ചന്മാർ, ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സ്, പ്രൊമോട്ടേഴ്സ് എന്നിവരുടെ Zoom Meeting ആഗസ്റ്റ് 20 വെള്ളിയാഴ്ച നടന്നു. ഈ മീറ്റിംഗിൽ 68 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2021 October - November

## Marriage Orientation Programme (MOP) (Online)

| October | | November | |
|---|---|---|---|
| 01-02 | | 02-03 | 16-17 |
| 08-09 | 22-23 | 05-06 | 19-20 |
| 15-16 | 29-30 | 12-13 | 26-27 |

**ബേബിഷൈൻ ധ്യാനം (ഓൺലൈൻ)**

ഒക്ടോബർ 01–03

**ദമ്പതിധ്യാനം (ഓൺലൈൻ)**

ഒക്ടോബർ 15–17

**നിറവ്**

ഒക്ടോബർ 03 മുന്നൂർപ്പിള്ളി

**മാനേജിംഗ് ബോർഡ് മീറ്റിംഗ്**

ഒക്ടോബർ 19

**ഫാമിലി ഔവർ**

| | | |
|---|---|---|
| ഒക്ടോബർ | 02 | യൂദിത്ത് ഫോറം |
| ഒക്ടോബർ | 09 | ഗ്രെയ്സ് റിപ്പിൾസ് |
| ഒക്ടോബർ | 23 | എം.സി.സി |

## വിവാഹോത്സവ്

വിവാഹത്തിന്റെ 25 ഉം 50 ഉം വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികളെ ആദരിക്കുന്ന **'വിവാഹോത്സവ്'** അതിരൂപതാതലത്തിൽ 2021 നവംബർ 7-ാം തീയതി ഓൺലൈനായി നടത്തപ്പെടുകയാണ്. ഓരോ

ഇടവകയിൽ നിന്നും 1971 ലും 1996 ലും വിവാഹിതരായ ദമ്പതികളുടെ പേരും, ഫോൺ നമ്പറും ഫൊറോന ആനിമേറ്റർ വഴി 2021 ഒക്ടോബർ 10-നകം അതിരൂപത കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**നന്ദി. സ്വാഗതം**

ഫൊറോന ഡയറക്ടർമാരായി സ്തുത്യർഹമായി സേവനം ചെയ്ത ബ. ടോണി കോട്ടക്കലച്ചനും (മൂക്കന്നൂർ), ബ. ഷനു മൂഞ്ഞേലി അച്ചനും (തൃപ്പൂണിത്തുറ) കുടുംബപ്രേഷിത കേന്ദ്രത്തിന്റെ നന്ദി സ്നേഹപൂർവ്വം നേരുന്നു.

ഫൊറോന ഡയറക്ടറായി ചാർജെടുത്തിരിക്കുന്ന ബ. ഹൊർമിസ് മരോട്ടിക്കുടി അച്ചനും (തൃപ്പൂണിത്തുറ), ബ. ജിബിൻ കണ്ണാട്ടച്ചനും (മൂക്കന്നൂർ) സ്വാഗതവും പ്രാർത്ഥനാശംസകളും.

ഫൊറോന ആനിമേറ്റർമാരായി സ്തുത്യർഹമായി സേവനം ചെയ്ത സി. ക്ലയോ സി.എം.സി. (വൈക്കം), സി. മൃദുല എസ്.ഡി. (കിഴക്കമ്പലം), സി. ലിസ്മേരി സി.എച്ച്.എഫ്. (എറണാകുളം) എന്നിവർക്ക് കുടുംബപ്രേഷിത കേന്ദ്രത്തിന്റെ നന്ദി സ്നേഹപൂർവ്വം നേരുന്നു.

ഫൊറോന ആനിമേറ്റർ ആയി ചാർജ് എടുത്തിരിക്കുന്ന സി. ഫ്രാൻസിയ എസ്.ഡി. (വൈക്കം), സി. നൈർമ്മല്യ എസ്.ഡി. (കിഴക്കമ്പലം), സി. ജീവ റോസ് എഫ്.സി.സി. (എറണാകുളം) എന്നിവർക്ക് സ്വാഗതവും പ്രാർത്ഥനാശംസകളും.

**യൂദിത്ത്ഫോറം അതിരൂപത ഭാരവാഹികൾ**

അതിരൂപത യൂദിത്ത്ഫോറം ആനിമേറ്ററായി തിരഞ്ഞെടുത്തിരിക്കുന്ന സി. ഫ്രാൻസിയ എസ്.ഡി. ക്ക് സ്വാഗതവും പ്രാർത്ഥനാശംസകളും.

കോർഡിനേറ്റർ - ശ്രീമതി. ഡെയ്സി അഗസ്റ്റിൻ(തുറവൂർ)

അസി. കോർഡിനേറ്റർ - ശ്രീമതി. ലീന ജോയൽ(വാതക്കാട്)

സെക്രട്ടറി - ശ്രീമതി. ട്രെസ്സി ജോയ്(ബെസ്ലഹം)

ആനിമേറ്റർ - സി. ഫ്രാൻസിയ എസ്.ഡി(ഉദയനാപുരം)

പുതിയ ഭാരവാഹികൾക്ക് സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ഗ്രീൻ പ്രൊട്ടോക്കോൾ അവാർഡ്

സ്ഥാപനതലത്തിൽ ഗ്രീൻ പ്രൊട്ടോക്കോൾ നടപ്പാക്കുന്നതിൽ മികവു കാട്ടുന്ന രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾക്ക് കെ.സി. ബി.സി. യുടെ കീഴിലുള്ള കേരള സോഷ്യൽ സർവീസ് ഫോറം ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരം അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയ്ക്ക് ലഭിച്ചു. ചിക്കാഗോ ആസ്ഥാനമായ ഫാ. എബ്രഹാം മുത്തോലത്ത് ഫൗണ്ടേഷൻ സ്പോൺസർ ചെയ്തിരിക്കുന്ന 25000 രൂപയും പ്രശസ്തിപത്രവും അടങ്ങിയ ഈ പുരസ്കാരത്തിന്റെ പ്രഥമ അവാർഡ് പാലാ കെ.എസ്.എസ്.എഫ്. വാർഷിക ജനറൽ ബോഡി യോഗത്തിൽ കേരളാ സോഷ്യൽ സർവീസ് ഫോറം ചെയർമാൻ ബിഷപ്പ് മാർ ജോസ് പുളിക്കൽ പിതാവിൽനിന്നും സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ ഏറ്റുവാങ്ങി. കേരള സർക്കാരിന്റെ അംഗീകൃത ഹരിത സഹായ സ്ഥാപനവും മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കുള്ള ശുചിത്വമിഷന്റെ അംഗീകൃത സേവനദാതാവുമാണ് സഹൃദയ

## എം.ജി. യൂണിവേഴ്സിറ്റി ഐ.ആർ.എൽ.ഡി അംഗീകാരം

കേന്ദ്ര സർക്കാരിന്റെ അസിസ്റ്റൻസ് റ്റു ഡിസേബിൾഡ് പേഴ്സൻസ് ഫോർ പർച്ചേസിംഗ് എയ്ഡ്സ് ആൻഡ് അപ്ലയൻസസ് പദ്ധതിയുടെ ഭാഗമായി എം.ജി. യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ കേൾവി വൈകല്യമുള്ള 180 പേർക്ക് 15000 രൂപ വീതം വിലവരുന്ന ശ്രവണ സഹായി വിതരണം ചെയ്യുന്നതിൽ സഹകരിച്ചതിനുള്ള അംഗീകാരമായി എം.ജി. യൂണിവേഴ്സിറ്റി ഐ.ആർ. എൽ.ഡി. സഹൃദയയ്ക്ക് പ്രത്യേക മെമെന്റോ നൽകി ആദരിച്ചു.

## രക്തദാനത്തിന് മൊബൈൽ ആപ്പ്

അതിരൂപതാ ശതോത്തര രജത ജൂബിലി സ്മാരകമായി സഹൃദയ സമരിറ്റൻസിന്റെ നേതൃത്വത്തിൽ 'ബ്ലഡ് ഡൊണേഷൻ ആപ്പ്' -ന്റെ പ്രകാശനം സഹൃദയ ഗുഡ് വിൽ അംബാസഡർ സിജോയ് വർഗീസ് നിർവഹിച്ചു.

### സൗജന്യ പൾസ് ഓക്സി മീറ്റർ

അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച യോഗത്തിൽ റോജി എം. ജോൺ എം.എൽ.എ. വിതരണോദ്ഘാടനം നിർവഹിച്ചു. ഭിന്നശേഷിക്കാരുടെ സ്പർശൻ സ്വയം സഹായ സംഘങ്ങൾ വഴി 100 പേർക്കാണ് പൾസ് ഓക്സിമീറ്റർ വിതരണം ചെയ്തത്.

### സൗജന്യ വാക്സിനേഷൻ കാമ്പയിൻ

അതിഥിതൊഴിലാളികൾക്ക് പുറമേ കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തവർക്ക് റിലയൻസ് ഫൗണ്ടേഷന്റെ സഹകരണത്തോടെ സൗജന്യ വാക്സിനേഷൻ നൽകി. കാമ്പയിന്റെ ഭാഗമായി അതിഥി തൊഴിലാളികൾക്ക് മാസ്ക്, ഫേസ് ഷീൽഡ്, സാനിറ്റൈസർ എന്നിവ അടങ്ങിയ ഹൈജീൻ കിറ്റുകളും വിതരണം ചെയ്തു

### ആയുർവേദ പഞ്ചകർമ്മ കോഴ്സ്

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ഭാരത് സേവക് സമാജിന്റെ  സഹകരണത്തോടെ ആയുർവേദ പഞ്ചകർമ്മ ഡിപ്ലോമ കോഴ്സ് ആരംഭിച്ചു. സ്പോക്കൺ ഇംഗ്ലീഷും പഠന വിഷയമാണ്

### പരിസ്ഥിതി പരിപോഷണ ശില്പശാല

കെ.സി.ബി.സി. യുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറം നടപ്പാക്കുന്ന പ്രകൃതി പരിപോഷണ പദ്ധതിയുടെ ഭാഗമായി മധ്യ കേരള മേഖലാടിസ്ഥാനത്തിൽ പരിസ്ഥിതി പരിപോഷണ ശില്പശാല സഹൃദയയിൽ സംഘടിപ്പിച്ചു.

### സ്വയം തൊഴിൽ വായ്പ

സഹൃദയ മൈക്രോ ഫിനാൻസ് വിഭാഗമായ വെസ്കോ ക്രഡിറ്റിന്റെ നേതൃത്വത്തിൽ 206 സഹൃദയ സ്വയം സഹായ സംഘങ്ങൾ വഴി 1,84,54,160  രൂപ സ്വയം തൊഴിൽ വായ്പയായി നൽകി.

### വെന്റിലേറ്റർ നൽകി

സഹൃദയ വഴി അതിരൂപത നടപ്പാക്കിവരുന്ന ‘കരുതൽ’ കോവിഡ് പ്രതിരോധ,പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജനറൽ ആശുപത്രിക്ക് വെന്റിലേറ്റർ സൗജന്യമായി നൽകി. സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ സാന്നിധ്യത്തിലാണ് വെന്റിലേറ്റർ കൈമാറിയത്. ലിസി ആശുപത്രി, അങ്കമാലി എൽ.എഫ്. ആശുപത്രി എന്നിവിടങ്ങളിലേക്കും വെന്റിലേറ്റർ നല്കുന്നുണ്ട്.

**സൗജന്യ കോവിഡ് വാക്സിനേഷൻ**

സഹൃദയയുടെ നേതൃത്വത്തിൽ ചുങ്കത്ത് ജൂവലറിയുടെ സഹകരണത്തോടെ ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയിൽ ഭിന്നശേഷിക്കാർക്കായി സംഘടിപ്പ സൗജന്യ വാക്സിനേഷൻ ക്യാമ്പ് ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം നിർവഹിച്ചു.

**നേർച്ചർ പരിസ്ഥിതി പരിപോഷണ ശില്പശാല**

പരിസ്ഥിതി പരിപോഷണത്തിനായി കാരിത്താസ് ഇന്ത്യയുടേയും കേരള സൊസിൽ സാരീസ് ഫോറത്തിന്റേയും സഹകരണത്തോടെ സഹൃദയ നടപ്പാക്കുന്ന നർച്ചർ പദ്ധതിയുടെ ആദ്യഘട്ട ശില്പശാല പൊന്നുരുന്നിയിൽ നടത്തി.

**കോവിഡ് പ്രതിരോധ കിറ്റ് വിതരണം**

25 വയസിൽ താഴെ പ്രായമുള്ള ഭിന്നശേഷിക്കാരായ 175 കുട്ടികൾക്ക് കാത്തലിക്ക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ സാനിറ്റൈസർ, മാസ്കുകൾ, ഡിറ്റർജൻറ് സോപ്പുകൾ, ബാത്ത് സോപ്പുകൾ, എന്നിവ വിതരണം ചെയ്തു. എറണാകുളം, പറവൂർ മേഖലകളിലെ ഭിന്നശേഷിക്കാരുടെ 285 കുടുംബങ്ങൾക്ക് ക്ലീനറുകൾ, മാസ്ക്കുകൾ, സാനിറ്റൈസർ, തെർമോ മീറ്റർ, വേപ്പറൈസർ തുടങ്ങിയവ അടങ്ങിയ കിറ്റുകൾ നൽകി. കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അങ്കമാലി മേഖലയിലെ 100 ഭിന്നശേഷിക്കാർക്ക് സൗജന്യ ഓക്സിമീറ്ററുകൾ വിതരണം ചെയ്തു.

**അവശ്യസാധന വിതരണം**

കോവിഡ് മൂലം ദുരിതമനുഭവിക്കുന്ന എറണാകുളം ജില്ലയിലെ നിർധനരും വിധവകളും ഭിന്നശേഷിക്കാരും രോഗികളും മനസികവെല്ലുവിളി നേരിടുന്നവരുമായ 500 കുടുംബങ്ങൾക്ക് ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യയുടെ സഹകരണത്തോടെ ഭക്ഷ്യവസ്തുക്കളും കോവിഡ് പ്രതിരോധ വസ്തുക്കളും ഉൾപ്പടെയുള്ളവ അടങ്ങിയ കിറ്റുകൾ നൽകി.

**സഹൃദയ സമരിറ്റൻസ്**

സഹൃദയ സമരിറ്റൻസിന്റെ ഫൊറോനാ തലത്തിൽ നേതൃത്വം നല്കികൊണ്ടിരിക്കുന്നവരുടെ യോഗം സംഘടിപ്പിച്ചു. പ്രവർത്തനവും ഭാവിപരിപാടികളും യോഗത്തിൽ ചർച്ച ചെയ്തു.

**സെക്രട്ടറിയേറ്റിൽ ഉന്നതതല കൂടിക്കാഴ്ച**

സഹൃദയയുടെ ജലജീവൻ മിഷൻ, ട്രാൻസ്ജെൻഡർ പദ്ധതികളുമായി

ബന്ധപ്പെട്ട് സെക്രട്ടറിയേറ്റിൽ മന്ത്രി ആന്റണി രാജു, സാംസ്കാരിക വകുപ്പ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി തുടങ്ങിയവരുമായി ചർച്ച നടത്തി.

**സഹൃദയ ഇൻഡോർ കമ്പോസ്റ്റിംഗ് യുണിറ്റ്**

അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സഹൃദയ രൂപകല്പന ചെയ്ത ഇൻഡോർ പൈപ്പ് കമ്പോസ്റ്റ് യുണിറ്റ് സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി.കെ. ജോസ് ഉദ്ഘാടനം ചെയ്തു. അടുക്കളയ്ക്കുള്ളിൽ തന്നെ സ്ഥാപിക്കാവുന്നതും ദിവസേന യുള്ള ജൈവ മാലിന്യങ്ങൾ സംസ്കരിക്കാവുന്നതുമായ ഈ യൂണിറ്റിന് ആയിരം രൂപയിൽ താഴെയാണ് ചെലവ്.

**ഫൈബർ ബയോഗ്യാസ് പ്ലാന്റുകൾ**

വീടുകളിലെയും സ്ഥാപനങ്ങളിലേയും അടുക്കളമാലിന്യത്തിൽ നിന്ന് പാചകവാതകം ഉത്പാദിപ്പിക്കാനാവുന്ന പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സഹൃദയ സ്ഥാപിച്ചുവരുന്നു. വിശദവിവരങ്ങൾക്ക് 8943710720 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**സോളാർ ഓൺഗ്രിഡ് പവർ സിസ്റ്റം**

വൈദ്യുതി ബിൽ അടിസ്ഥാനമാക്കി വൈദ്യുതി ഉപഭോഗം കണക്കാക്കി അനുയോജ്യമായ ശേഷിയിൽ സോളാർ ഓൺഗ്രിഡ് പവർ സിസ്റ്റം വീടുകളിലും സ്ഥാപനങ്ങളിലും സഹൃദയ സ്ഥാപിച്ചുനൽകുന്നു വിശദവിവരങ്ങൾ 9074060071.

**സഹൃദയ വാർഷിക ജനറൽ ബോഡി യോഗം**

അഭിവന്ദ്യ ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. സഹൃദയയുടെ കോവിഡ് കാല പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ സ്മരണിക യോഗത്തിൽ പ്രകാശനം ചെയ്തു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ഓൺലൈൻ ബഡ്ജറ്റ് മീറ്റിംഗ്**

ഓഗസ്റ്റ് 25 ഭാരതമാത സ്കൂൾ ഓഫ് ലീഗൽസ്റ്റഡീസ്, ചൂണ്ടി
ഓഗസ്റ്റ് 26 സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി
ഓഗസ്റ്റ് 27 സത്യദീപം പബ്ലിക്കേഷൻസ്, എറണാകുളം
സെപ്റ്റം. 08 മാർ ലൂയീസ് ബുക്ക് സെൻറ്റർ, എറണാകുളം
സെപ്റ്റം. 10 നൈപുണ്യ പബ്ലിക് സ്കൂൾ കൊച്ചി
സെപ്റ്റം. 15 നൈപുണ്യ ഇന്റർനാഷണൽ, എറണാകുളം
സെപ്റ്റം. 21 വെൽഫെയർ സർവീസ്, എറണാകുളം

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

ഓഗസ്റ്റ് 2 മാർ ലൂയീസ്, കറുകുറ്റി
ഓഗസ്റ്റ് 4 നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി
ഓഗസ്റ്റ് 5 ലൂർദ്ദ് സെന്റർ, ആലുവ
ഓഗസ്റ്റ് 7 ഭാരത മാതാ കോളേജ്, തൃക്കാക്കര
ഓഗസ്റ്റ് 9 നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം
ഓഗസ്റ്റ്10 ഭാരതമാതാ കോളേജ്, തൃക്കാക്കര
ഓഗസ്റ്റ്18 സെ. ജോസഫ്സ് ITI, തുറവൂർ & ലൂർദ്ദ് സെന്റർ, ആലുവ
സെപ്റ്റം. 08, 09, 11 നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം
സെപ്റ്റം. 10 ഭാരത മാതാ കോളേജ്, തൃക്കാക്കര & നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം
സെപ്റ്റം. 14, 17, 21 ഭാരത മാതാ കോളേജ്, തൃക്കാക്കര
സെപ്റ്റം. 16, 22 നൈപുണ്യ പബ്ലിക് സ്കൂൾ കൊച്ചി
സെപ്റ്റം. 20 നൈപുണ്യ പബ്ലിക് സ്കൂൾ കൊച്ചി & ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# DEPARTMENT OF BIBLE APOSTOLATE

## ലോഗോസ് ക്വിസ് 2020–2021

കോവിഡ് മൂലം മാറ്റിവച്ചിരുന്ന ലോഗോസ് ക്വിസ് **2021 ഡിസംബർ 19–ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ** നടത്തപ്പെടുന്നതാണ്. ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്തവർക്ക് 2021 ഒക്ടോബർ 1 മുതൽ 31 വരെ രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ്: 10/- രൂപ ആയിരിക്കും.

**പാഠഭാഗങ്ങൾ: നിയമാവർത്തനം 22–34; പ്രഭാഷകൻ 18–22; മർക്കോസ് 1–8; 1 കോറിന്തോസ് 1–8.**

പഠനഗ്രന്ഥമായി ഉപയോഗിക്കേണ്ട ബൈബിളുകൾ മലയാളത്തിന് - പി.ഒ.സി., ഇംഗ്ലീഷിന് - NRSV എന്നിവ ആയിരിക്കും. ഈ വർഷം ഗ്രൂപ്പു വിഭജനം ഇല്ലാതെയായിരിക്കും ലോഗോസ് ക്വിസ് നടത്തപ്പെടുന്നത്; എല്ലാവർക്കും ഒരേ ചോദ്യപേപ്പർ ആയിരിക്കും. ചോദ്യങ്ങൾ: 100 ചോദ്യങ്ങൾ (4 ഓപ്ഷനുകൾ) + 10 ചോദ്യങ്ങൾ പഠനസഹായി (പഠന ബൈബിൾ), പൊതുവിജ്ഞാനം എന്നിവയിൽനിന്ന് (റാങ്ക് നിശ്ചയിക്കാൻ മാത്രം). 80 ശതമാനത്തിനു മുകളിൽ മാർക്കുലഭിക്കുന്നവർക്ക് ബൈബിൾ സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

**സംസ്ഥാനതല ഫൈനൽ: 15 ജനുവരി, 2022**

(ഓരോ രൂപതയിൽനിന്നും ഒന്നും രണ്ടും റാങ്ക് നേടുന്ന 2 പേർ മാത്രം)

അതതു സ്ഥലത്തെ കോവിഡ്-19 പ്രോട്ടോക്കോൾ അനുസരിച്ച് പരീക്ഷ നടത്തേണ്ടതാണ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ (9961814742)**

## നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം

ഹൗസ് കീപ്പിംഗ്, ഹോസ്പിറ്റാലിറ്റി രംഗത്ത് പ്രവർത്തിക്കുന്ന നൈപുണ്യ വെൽഫെയർ സർവീസസിന്റെ ആസ്ഥാനമന്ദിരം കൊരട്ടി പൊങ്ങത്ത് 2021 സെപ്റ്റംബർ 11-ാം തീയതി അഭിവന്ദ്യ ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. വിവിധ തൊഴിൽ മേഖലകളിൽ ഗുണമേന്മ കൂട്ടുന്നതിനു കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം നിഷ്കർഷിക്കുന്ന പ്രത്യേക പരിശീലന കേന്ദ്രവും വനിത ഹോസ്റ്റലും അടങ്ങുന്നതാണ് ആസ്ഥാനമന്ദിരം. നൈപുണ്യ കോളേജ് പ്രിൻസിപ്പൽ റവ. ഡോ. പോൾ കൈത്തോട്ടുങ്കൽ, കൊരട്ടി ഫൊറോന പള്ളി വികാരി റവ. ഫാ. ജോസ് ഇടശ്ശേരി, റവ. ഫാ. ഷാജൻ പുത്തൻപുരയ്ക്കൽ, നൈപുണ്യ വെൽഫയർ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. തോമസ് വാളൂക്കാരൻ, ശ്രീ. ഷാജു പി. ജോൺ എന്നിവർ പ്രസ്തുത ചടങ്ങിൽ പ്രസംഗിച്ചു.

# അതിരൂപതാ ഡയറി

**ജൂലൈ 2021**

23 ജോർജ് ആലഞ്ചേരി പിതാവ് യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റ് സംഘടിപ്പിച്ച പ്രൊ-ലൈഫ് ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തൈക്കാട്ടുശ്ശേരി സെന്റ് ആന്റണീസ് പള്ളിയിൽ ബ. ജോബ് കേളംപറമ്പിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ കാർമികത്വം വഹിച്ചു. വൈ. എം. സി. എ. സംഘടിപ്പിച്ച പരിശുദ്ധ ബസേലിയൂസ് മാർതോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓൺലൈൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് പച്ചാളം പത്താം പീയൂസ് വിൻസെൻഷ്യൻ ആശ്രമത്തിൽ ബ. ജോസ് പാറേക്കാട്ടിൽ അച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം നടത്തുകയും ചെയ്തു. തൈക്കാട്ടുശ്ശേരി പള്ളിയിൽ ബ. ജോബ് കേളംപറമ്പിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

24 ജോർജ് ആലഞ്ചേരി പിതാവ് കുടുംബത്തിനും ജീവനും അല്മായർക്കുമായുള്ള കമ്മീഷൻ സംഘടിപ്പിച്ച 'ഗ്രാൻഡ് പാരന്റ്സ് ഡേ' ദിനാചരണത്തോടനുബന്ധിച്ചുള്ള ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചു *സീന്യൂസ്* സംഘടിപ്പിച്ച ഓൺലൈൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഓൺലൈനിൽ പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് പൂണിത്തുറ സെന്റ് ജെയിംസ് ഇടവകയുടെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കുകയും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം, സ്ഥൈര്യലേപനം എന്നിവ നൽകുകയും ചെയ്തു.

25 ജോർജ് ആലഞ്ചേരി പിതാവ് പൂണിത്തറ സെന്റ് ജെയിംസ് ഇടവകയിൽ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ചു. കെ. സി. ബി. സി. ജാഗ്രത കമ്മീഷൻ ഫാ. സ്റ്റാൻ സ്വാമിയുടെ സ്മരണാർത്ഥം സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്തു. എസ്. എം. വൈ. എം. സംസ്ഥാന സമിതി സംഘടിപ്പിച്ച കോവിഡ് സന്നദ്ധ പ്രവർത്തകരുടെ ഓൺലൈൻ സംഗമം ഉദ്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് ആലങ്ങാട് പള്ളിയിൽ മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്തയുടെ ഭൗതികാവശിഷ്ടങ്ങളുടെ പുനഃപ്രതിഷ്ഠ നടത്തി വിശുദ്ധ കുർബാന അർപ്പിച്ചു. ഫാമിലി അപ്പസ്തോലേറ്റ്, ഫാമിലി യൂണിറ്റ്സ്, കാറ്റെക്കിസം ഡിപ്പാർട്ടുമെന്റുകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ ഗ്രാന്റ് പാരന്റ്സ് ഡേ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

26 ആന്റണി കരിയിൽ പിതാവ് കൊതവറ ഇടവകയിൽ ക്ലരീഷ്യൻ ആശ്രമത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

27 ആന്റണി കരിയിൽ പിതാവ് കെ.സി.ബി.സി. വിദ്യാഭ്യാസ

കമ്മീഷൻ മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

28 ആന്റണി കരിയിൽ പിതാവ് അരമനയിൽ കൺസൾട്ടേഴ്സ് ബോഡി മീറ്റിംഗിലും, ഫിനാൻസ് കൗൺസിൽ മീറ്റിംഗിലും പങ്കെടുത്തു.

29 ആന്റണി കരിയിൽ പിതാവ് ജോസ്പുരത്ത് ക്ലരീഷ്യൻ ആശ്രമത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

30 ആന്റണി കരിയിൽ പിതാവ് കാലടി സമീക്ഷയുടെ നേതൃത്വത്തിൽ നടത്തിയ ഇഗ്നേഷ്യൻ ഡേ ആഘോഷത്തിൽ ഓൺലൈൻ ആയി പങ്കെടുത്തു.

31 ആന്റണി കരിയിൽ പിതാവ് ഇടപ്പള്ളി പള്ളിയിൽ നടന്ന 'Ignatian Year' സമാപനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. അതിരൂപതാ പ്രിസ്ബിത്തേരിയത്തിൽ (ഓൺ ലൈൻ) പങ്കെടുത്തു.

**ആഗസ്റ്റ് 2021**

1 ആന്റണി കരിയിൽ പിതാവ് നൈപുണ്യ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ നടന്ന A+ Holders Meet-ൽ ഓൺലൈൻ ആയി പങ്കെടുത്ത് വിദ്യാർത്ഥികളെ അനുമോദിച്ചു.

2–6 കെ.സി.ബി.സി. മീറ്റിംഗിൽ ഓൺലൈൻ ആയി പങ്കെടുത്തു.

8 ആന്റണി കരിയിൽ പിതാവ് കച്ചേരിപ്പടി തത്തപ്പള്ളി കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു.

10 ആന്റണി കരിയിൽ പിതാവ് അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെയും കെ.സി.വൈ.എ.-ന്റെയും നേതൃത്വത്തിൽ ഓൺലൈൻ ആയി നടത്തിയ പ്രോ-ലൈഫ് പ്രോഗ്രാമിൽ പങ്കെടുത്തു.

11 ആന്റണി കരിയിൽ പിതാവ് എറണാകുളം ആർച്ച്ബിഷപ് ഹൗസിൽ സഹൃദയ വെൽഫെയർ സർവീസസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കോവിഡ് 19 ബാധിതർക്കുള്ള സൗജന്യകിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു.

12 ആന്റണി കരിയിൽ പിതാവ്, എറണാകുളം മറൈൻഡ്രൈവ് ബൈബിൾ കൺവെൻഷൻ ടീമിന്റെ നേതൃത്വത്തിൽ നടത്തുന്ന സഹായവിതരണം എറണാകുളം ആർച്ച്ബിഷപ് ഹൗസിൽ ഉദ്ഘാടനം ചെയ്തു.

16–27 ആന്റണി കരിയിൽ പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർ മെത്രാൻ സിനഡിൽ പങ്കെടുത്തു.

28 ആന്റണി കരിയിൽ പിതാവ് അങ്കമാലി വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ ബ. ജിതേഷ് മുളയ്ക്കൽ വി.സി. അച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

31 ആന്റണി കരിയിൽ പിതാവ് എറണാകുളം ബിഷപ്സ് ഹൗസിൽ ഉച്ചകഴിഞ്ഞ് ബ്ര. ജറിൽ കുരിശിങ്കലിന് ഡീക്കൻ പട്ടം നല്കി.

**സെപ്തംബർ 2021**

5 ആന്റണി കരിയിൽ പിതാവ് ബിഷപ്സ് ഹൗസിൽ രാവിലെ പ്രൊഫ. എം. കെ. സാനുവിന്റെ പുസ്തകപ്രകാശനം നടത്തി.

11 ആന്റണി കരിയിൽ പിതാവ് രാവിലെ പൊങ്ങത്ത് നൈപുണ്യ വെൽഫെയർ സർവീസസിന്റെ പുതിയ ഓഫീസ് സമുച്ചയത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

14 ആന്റണി കരിയിൽ പിതാവ് രാവിലെ തിരുമുടിക്കുന്ന് ത്വക്രോഗാശുപത്രിയോടനുബന്ധിച്ചുള്ള നവീകരിച്ച കുരിശുപള്ളിയുടെ പുനഃപ്രതിഷ്ഠ നടത്തി.

21 ആന്റണി കരിയിൽ പിതാവ് രാവിലെ ബിഷപ്സ് ഹൗസിൽ നടന്ന സഹൃദയ വെൽഫെയർ സർവീസസിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

23 ആന്റണി കരിയിൽ പിതാവ് എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ഉച്ചകഴിഞ്ഞ് ബ. ജോസഫ് വളവി അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിലെ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

25 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് പൊന്നുരുന്നിയിൽ സഹൃദയ വെൽഫെയർ സർവീസസിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

27 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര ഭാരതമാതാ കോളേജിന്റെ അക്കാദമിക് ഇയർ ഉദ്ഘാടനയോഗത്തിൽ സംബന്ധിച്ച് ഉദ്ഘാടനസന്ദേശം നല്കി.

29 ആന്റണി കരിയിൽ പിതാവ് പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന കെ.സി.ബി.സി. യോഗത്തിൽ പങ്കെടുത്തു.

30 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം അങ്കമാലി എൽ.എഫ്. ആശുപത്രിയിൽ നടന്ന ഹോസ്പിറ്റൽ ദിനാഘോഷത്തിൽ പങ്കെടുത്തു.

* * * * *

2021 സെപ്റ്റംബർ 11- ാം തീയതി ഉദ്ഘാടനം ചെയ്ത
പൊങ്ങം നൈപുണ്യ വെൽഫെയർ സർവീസസിന്റെ
ആസ്ഥാന മന്ദിരം






Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.10.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




To you, O blessed Joseph,
do we come in our afflictions,
and having implored the help of your most holy Spouse,
we confidently invoke your patronage also.

Through that charity which bound you
to the Immaculate Virgin Mother of God
and through the paternal love with which
you embraced the Child Jesus,
we humbly beg you graciously to
regard the inheritance which Jesus Christ
has purchased by his Blood, and with your
power and strength to aid us in our necessities.

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan